കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# തലശ്ശേരി ബ്ലോക്ക് പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട് 2017-18

# ജില്ലാ ഓഡിറ്റ് കാര്യാലയം കണ്ണൂർ

e-mail:doknr.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ടു സഹിതം)

നം.കെ.എസ്.എ. /കെ.എൻ.ആർ./സി.7/1914/18

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം,കണ്ണൂർ-670 001
E mail: doknr.ksad@kerala.gov.in

Phone: 0497 2707698

തിയ്യതി. 11-12-2018

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡണ്ട് (സെക്രട്ടറി മുഖാന്തിരം)

തലശ്ശേരി ബ്ലോക്ക്പഞ്ചായത്ത് .

സർ,

വിഷയം: തലശ്ശേരി ബ്ലോക്ക് പഞ്ചായത്ത് 2017-18-സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

----------

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4),ാം വകുപ്പ് എന്നിവയിലെ വ്യവസ്ഥകൾപ്രകാരം തലശ്ശേരി ബ്ലോക്ക്പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വരവുചെലവു കണക്കുകളുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽനിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർനടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ 3-9 ഖണ്ഡികയിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ ബ്ലോക്ക് പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ് -പരിശോധനാരീതിയും ഓഡിറ്റ്

സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

ഈ റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്.(ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ15(1)ചട്ടം 20,23, 1997 ലെ കേരളാ പഞ്ചായത്ത് രാജ് പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ,തിരുവനന്തപുരം (ഏയിംസിൽ)

2)അസിസ്റ്റന്റ് ഡവലപ്പ്മെന്റ് കമ്മീഷണർ, കണ്ണൂർ (ഇ-മെയിൽ വഴി)

3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ./കെ.എൻ.ആർ./സി .7/1914/18 തീയതി : 11.12.2018

## കണ്ണൂർ ജില്ലയിലെ തലശ്ശേരി ബ്ലോക്ക് പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വരവ് ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

### ആമുഖം

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)*

കണ്ണൂർ ജില്ലയിലെ തലശ്ശേരി ബ്ലോക്ക് പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി ബ്ലോക്ക് പഞ്ചായത്ത് 3-11-2017 മുതൽ 7-10-2018 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവ പരിശോധിക്കുകയുണ്ടായി. ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്.ഓഡിറ്റിന്റെ ഭാഗമായി അന്വേഷണക്കുറിപ്പുകൾ 21 എണ്ണം നൽകിയതിൽ 16എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ ബ്ലോക്ക് പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽനിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമുണ്ടായിരിക്കുന്നതല്ല.

എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ. അശോകൻ മഠത്തിൽ<br>സീനിയർ ഡെപ്യൂട്ടി ഡയറക്ടർ |

| | |
|---|---|
| ഓഡിറ്റിന് വിനിയോഗിച്ച സമയം: | 8-10-2018 മുതൽ 12-10-2018 വരെയും<br>15-10-2018 മുതൽ 20-10-2018 വരെയും. |

(ബി)ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

| പേര് | തസ്തിക |
|---|---|
| ശ്രീ.പ്രമോദ്. കെ.വി | ഓഡിറ്റ് ഓഫീസർ |

| | |
|---|---|
| ശ്രീ.ശശീന്ദ്രൻ.കെ. | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീമതി.അനഅബ്രഹാം | ഓഡിറ്റർ |

(സി)നിർവ്വഹണാധികാരികൾ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| പ്രസിഡണ്ട് | ശ്രീ. കെ.കെ.രാജീവൻ | 01.04.2017 മുതൽ 31.03.2018 വരെ |
| സെക്രട്ടറി | ശ്രീ.ജസീർ. പി.വി | 01-04-2017 മുതൽ 03-01-2018 വരെ |
| | ശ്രീ.ജയ് മോൻ എബ്രഹാം | 04-01-2018 മുതൽ 31-3-2018 വരെ |

(ഡി).നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസിസ്റ്റന്റ്എക്സിക്യൂട്ടീവ് എഞ്ചിനിയർ | ശ്രീമതി. ഷെമി. ടി,കെ | 01.04.2017 മുതൽ 26-09-2017 വരെ |
| | ശ്രീ. രഞ്ചിത്ത്. പി.കെ | 27-9-.2017മുതൽ 08-11-.2017വരെ |
| | ശ്രീമതി. ദീപ്തി. ആർ | 09-11-.2017 മുതൽ 31.03.2018 വരെ |
| അസിസ്റ്റന്റ് എഞ്ചിനിയർ | ശ്രീ. ശ്രീരാഗ്. എം.പി | 01.04.2017 മുതൽ 09-10-2017വരെ |
| | ശ്രീ. ജയരാജ്. പി | 10-10-2017 മുതൽ 31-03-2018 വരെ |
| കൃഷി അസിസ്റ്റന്റ് ഡയറക്ടർ | ശ്രീ.പീതാംബരബാബു.വി.കെ | 01/04/2017 മുതൽ 31/03/2018വരെ |

| | | |
|---|---|---|
| ക്ഷീര വികസന ഓഫീസർ | ശ്രീ. നിഷാദ്. വി.കെ | 01.04.2017 മുതൽ 31.03.2018 വരെ |
| വ്യവസായ വികസന ഓഫീസർ | ശ്രീ. സതീശൻ കോടഞ്ചേരി | 01.04.2017 മുതൽ 31.03.2018 വരെ |
| മെഡിക്കൽ ഓഫീസർ CHC | ഡോ. കെ.എം.ഇബ്രഹിം | 01.04.2017 മുതൽ 15-09-2017വരെ |
| | ഡോ. ഷൈന. വി.പി | 16-09-2017 മുതൽ 28-9-2017 വരെ<br>04-12-2017 മുതൽ 31-03-2018 വരെ |
| | ഡോ. ഷിതരമേഷ് | 29-9-2017 മുതൽ 03-12-2017 വരെ |
| CDPO തലശ്ശേരി | ശ്രീമതി. അംബിക. എൽ | 01.04.2017 മുതൽ 21-07.2017 വരെ |
| | ശ്രീമതി. സുജ.വി.കെ | 22-7-2017 മുതൽ 25.08.2017 വരെ |
| | ശ്രീമതി.ഉഷ. വി.പി | 26-8-2017 മുതൽ 17-09-2017 വരെ |
| | ശ്രീമതി. പ്രിയദർശിനി.എസ് | 18-09-2017 മുതൽ 31-3-2018 വരെ |
| CDPO തലശ്ശേരി (അഡീഷണൽ) | ശ്രീമതി. സോയ സദാനന്ദൻ | 01-4-2017 മുതൽ 30-06-2017 വരെ |
| | ശ്രീമതി. നന്ദിനി.കെ | 01-07-2017 മുതൽ 20-07-2017 വരെ |

| | | |
|---|---|---|
| | ശ്രീമതി. ലക്ഷ്മി കേളോത്ത് | 21-7-2017 മുതൽ<br>13-09-2017 വരെ |
| | ശ്രീമതി. നന്ദിനി.കെ | 14-09-2017 മുതൽ<br>04-10-2017 വരെ |
| | ശ്രീമതി. രജനി.പി.വി | 05-10-2017 മുതൽ<br>30-10-2017 വരെ |
| | ശ്രീമതി. ലക്ഷ്മി കേളോത്ത് | 31-10-2017 മുതൽ<br>31-3-2018 വരെ |

ഉള്ളടക്കം



| ക്രമ നം. | ഭാഗം | ഖണ്ഡിക നമ്പർ |
|---|---|---|
| | ഭാഗം 1 | |
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം. | 1-6 |
| 7 | തനത് വരുമാനം | 1-7 |
| 8 | ക്യാഷ് പരിശോധന | 1-8 |
| 9 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |

| | | |
|---|---|---|
| | ഭാഗം 2<br>വരവ് കണക്കിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 11 | ബ്ലോക്ക്പഞ്ചായത്ത് തനത് വരവുകളിലെ കുടിശ്ശിക പിരിച്ചെടുക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ് | 2-1 |
| 12 | ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള അഞ്ചരക്കണ്ടി ബസ് സ്റ്റാന്റ് ഷോപ്പിംഗ് കോംപ്ലക്സ് മുറിയുടെ വാടകഈടാക്കിയതിൽ കുറവ് | 2-2 |
| 13 | പിണറായി സി.എച്ച്.സി യിലെ പഴയ മരം, കല്ല്.ഓട് എന്നിവ ലേലം ചെയ്ത് വിൽക്കേണ്ടതാണ്. | 2-3 |
| 14 | ഇ-ടെണ്ടർ ഫീയിനത്തിൽ ബ്ലോക്ക് പഞ്ചായത്തിന് ലഭിക്കാനുള്ള ₹142080 തിരികെ ലഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. | 2-4 |
| | ഭാഗം 3<br>ചെലവ് കണക്കിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 15 | പെയ്ൻ & പാലിയേറ്റീവ് ക്ലിനിക്കിലേക്ക് പൂരക ധനസഹായം നൽകൽ പ്രോജക്ടിലെ ബ്ലോക്ക് വിഹിതത്തിന്റെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല | 3-1 |
| 16 | സി.എച്ച്.സിയിലേക്കുള്ള മരുന്നിന്റെ ലഭ്യത സംബന്ധിച്ച് കൃത്യമായ വിവരമില്ല ചെലവ് തുക ₹ 3,00,000തടസ്സത്തിൽ വെക്കുന്നു. | 3-2 |
| 17 | എച്ച്.എം.സി കണക്കുകൾ ഓഡിറ്റിന് വിധേയമാക്കേണ്ടതാണ്. | 3-3 |
| 18 | വയോജനങ്ങൾക്ക് ഉപകരണവിതരണം – നടപടിക്രമങ്ങൾ പാലിച്ചതിന്റെ രേഖകൾ ഹാജരാക്കിയില്ല ചെലവ് ₹ 88200 തടസ്സത്തിൽ വെക്കുന്നു. | 3-4 |

| | | |
|---|---|---|
| 19 | വിവിധ പ്രൊജക്ട് നിർവ്വഹണം – വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല | 3-5 |
| 20 | ടെണ്ടർ പരസ്യം -സർക്കാർ ഉത്തരവ് പാലിക്കാത്തത് വഴി അധിക ചെലവ് | 3-6 |
| 21 | അച്ചടി ജോലികൾക്ക് ക്വട്ടേഷൻ ക്ഷണിക്കുന്നില്ല. പ്രിൻറ്റിംഗ് ഇനങ്ങൾക്ക് സ്റ്റോക്ക് രജിസ്റ്റർ തയ്യാറാക്കുന്നില്ല-₹ 20,650 തടസ്സപ്പെടുത്തുന്നു. | 3-7 |
| 22 | ഭവനനിർമ്മാണ പദ്ധതി അവലോകനം | 3-8 |
| 23 | ബ്ലോക്ക് പഞ്ചായത്തിന്റെ ധനസഹായത്തോടെ ആരംഭിച്ച സ്വയം തൊഴിൽ സംരംഭങ്ങളുടെ പ്രവർത്തനം മോണിറ്ററിംഗിന് വിധേയമാക്കുന്നില്ല. | 3-9 |
| 24 | സ്റ്റോർ പർച്ചേസ്; ആസ്തികളിൽ തിരിച്ചറിയൽ വിവരം രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. | 3-10 |
| 25 | പകൽ വീട് അഭിവൃദ്ധിപെടുത്തൽ നിലവിൽ ആവശ്യമില്ലാത്ത ഇനങ്ങൾക്ക് തുക ചെലവഴിച്ചു | 3-11 |
| 26 | റോഡ് ടാറിംഗ് പ്രവൃത്തികളിൽ ഷ്രഡഡ് പ്ലാസ്റ്റിക്ക് ഉപയോഗിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ് | 3-12 |
| 27 | പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോൾ സ്ഥലപരിശോധന യഥാവിധം നടത്തുന്നില്ല. എസ്റ്റിമേറ്റിൽ ഇലക്ട്രിക്കൽ പ്രവൃത്തിയിനങ്ങൾ ഉൾപ്പെടുത്തുന്നില്ല, മോണിറ്ററിംഗ് നടത്തുന്നില്ല. | 3-13 |
| 28 | പ്രൊജക്ട് നിർവ്വഹണത്തിനനുവദിച്ച മുഴുവൻ തുകയും ചില പഞ്ചായത്തുകൾ ചെലവഴിച്ചില്ല | 3-14 |
| | ഭാഗം4 | |

| | | |
|---|---|---|
| | പൊതുവിവരങ്ങളുംഓഡിറ്റ് പ്രത്യവലോകനവും | |
| 29 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 30 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 31 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |
| 32 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 33 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 34 | ഓഡിറ്റ് റിക്കവറി | 4-6 |
| 35 | സമാഹൃത റിപ്പോർട്ട് | 4-7 |
| 36 | ചാർജ്/സർചാർജ് നടപടികളുടെ വിവരം | 4-8 |
| 37 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 38 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-10 |
| 39 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | അനുബന്ധം-1 |
| 40 | റസീറ്റ് ആന്റ് പേയ്മെന്റ് സ്റ്റേറ്റ് മെന്റ് | അനുബന്ധം-2-1 |
| 41 | ഇൻകം ആന്റ് എക്സ്പ്പെന്റീച്ചർ സ്റ്റേറ്റ് മെന്റ് | അനുബന്ധം2-2 |
| 42 | ബാലൻസ് ഷീറ്റ് | അനുബന്ധം2-3 |


# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

29.03.2017തീയതിയിലെ 317/17തീരുമാനപ്രകാരം ബജറ്റ് അംഗീകരിച്ചിട്ടുണ്ട്. വിശദ വിവരം ചുവടെ കൊടുക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 2316695 |

| | |
|---|---|
| വരവ് | 290939400 |
| ആകെ | 293256095 |
| ചെലവ് | 290993400 |
| നീക്കിയിരിപ്പ് | 2262695 |

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2018 | 5.07.2018 | തിരിച്ചയച്ചിട്ടില്ല | തിരിച്ചയച്ചിട്ടില്ല |

## 1-3 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2017-18 | 11-07-2018 & 12-.07.2018 | KSA/KNR/C7/1479/18 തീ.31.07.2108 |

2017-18സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകങ്ങൾ

1.വാടക രജിസ്റ്ററിലെ വാടക വരവും, വാർഷിക ധനകാര്യ പത്രികയിലെ തുകയും പൊരുത്തപെടുന്നില്ല.

2.2016-17 ലെ വാടക കുടിശ്ശിക ( 2016-17 വാർഷിക ധനകാര്യ പത്രിക B15) 2017-18 ൽ ഈടാക്കിയിട്ടില്ല. കുടിശ്ശികയുടെ വിവരം രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

3.2017-18 ലെ വാടക കടിശ്ശികയ്ക്ക് ഇൻകം & എക്സ്പെൻഡീച്ചർ അക്കൗണ്ടിൽ ( I -16) ൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

4. വികസന ഫണ്ട് ( ജനറൽ) എസ്. സി. പി എന്നിവയിലെ വരവ് വാർഷിക ധനകാര്യ പത്രികയിൽ രേഖപ്പെടുത്തിയവികസന ഫണ്ട് ( ജനറൽ) എസ്. സി.പി എന്നിവയിലെ വരവ് അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ& ചെലവ് പത്രിക എന്നിവയുമായി പൊരുത്തപ്പെടുന്നില്ല. ₹ 1,20,000 വ്യത്യാസം പരിഹരിക്കേണ്ടതാണ്.

5.കേരളോത്സവം നീക്കിയിരിപ്പ് RP 40 (b) യും, B4 തമ്മിൽ പൊരുത്തപ്പെടുന്നില്ല.

6. ആസ്തി രജിസ്റ്റർ കാലികമാക്കിയട്ടില്ല.

## 1-4 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 15,772,519.00 |
| വരവ് | 32,597,729.00 |
| ആകെ | 48,370,248.00 |
| ചെലവ് | 34,975,561.00 |
| നീക്കിയിരിപ്പ് | 13,394,687.00 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | ചെലവഴിക്കാത്ത തുക | ചെലവ് % |
|---|---|---|---|---|---|---|
| വികസന ഫണ്ട്- ജനറൽ (ACR പ്രകാരം) | 0 | 28521941 | 28521941 | 23493789 | 50,28,152 | 82% |
| വികസന ഫണ്ട്- എസ്.സി.പി (ACR പ്രകാരം) | 0 | 23,68,000 | 23,68,000 | 17,67,457 | 600,543 | 75% |
| വികസന ഫണ്ട്- ടി.എസ്.പി | 0 | 44000 | 44000 | 44000 | - | 100% |

| | | | | | | |
|---|---|---|---|---|---|---|
| (ACR പ്രകാരം) | | | | | | |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | 0 | 3638000 | 3638000 | 1915658 | 1722342 | 53% |
| കേന്ദ്ര ഫണ്ടുകൾ | | | | | | |
| 1.ഐ.എ.വൈ | 131831 | 96803 | 228634 | 175546 | 53088 | |
| 2.സമ്പൂർണ്ണ ശുചിത്വം | 27717 | 19780 | 47497 | 19780 | 27717 | |
| 3.എസ്.ജി.എസ്.വൈ | 181209 | 26971 | 208180 | 207174 | 1006 | |
| മറ്റു ഫണ്ടുകൾ | | | | | | |
| 1.തനത് ഫണ്ട്. | 778962 | 178158 | 957120 | 0 | 957120 | |
| 2.പൊതു ആവശ്യ ഗ്രാന്റ് | 5353405 | 3283335 | 8636740 | 4369309 | 4267431 | |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം ചുവടെകൊടുക്കുന്നു.

| അംഗീകാരം ലഭിച്ചത് ( എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ % |
|---|---|---|---|---|---|---|
| 75 | 46653881 | 63 | 27214,904 | 9 | 3 | 84% |

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| സെക്രട്ടറി | 29 | 26 | 12559400 | 7600236 | 60.51 |
| അസിസ്റ്റന്റ് എക്സിക്യൂട്ടീവ്.എഞ്ചിനിയർ | 11 | 7 | 11853294 | 6039403 | 51 |
| അസിസ്റ്റന്റ് എഞ്ചിനിയർ | 11 | 6 | 8752059 | 3730975 | 43 |
| കൃഷി അസിസ്റ്റന്റ് ഡയറക്ടർ | 3 | 3 | 1628500 | 1628500 | 100 |

| | | | | | |
|---|---|---|---|---|---|
| ക്ഷീര വികസന ഓഫീസർ | 2 | 2 | 486500 | 480257 | 98.72 |
| വ്യവസായ വികസനഓഫീസർ | 6 | 6 | 7040500 | 3475000 | 49.36 |
| മെഡിക്കൽ ഓഫീസർ.സി.എച്ച്.സി | 7 | 7 | 1906803 | 1904308 | 99.87 |
| ശിശുവികസന ഓഫീസർ | 6 | 6 | 2426825 | 2356225 | 97.09 |
| ആകെ | 75 | 63 | 46653881 | 27,214,904 | 58.33 |

2017-18 വർഷത്തിൽ അംഗീകാരം ലഭിച്ച 75 പ്രൊജക്ടുകളിൽ 63 എണ്ണം നടപ്പിലാക്കിയിട്ടുണ്ട്. കൃഷി അസി.ഡയറക്ടർ മാത്രമാണ് വകയിരുത്തിയ തുക പൂർണ്ണമായും ചെലവഴിച്ചിട്ടുള്ളത്. അംഗീകാരം ലഭിച്ച പ്രോജക്ടുകൾ പൂർണ്ണമായും നടപ്പാക്കുന്നതിൽ കൂടുതൽ ശ്രദ്ധയും ഇടപെടലുകളും നടപടികളും ഉണ്ടാവേണ്ടതാണ്. ജി.ഒ.(എം.എസ്) 10/17തസ്വഭവ. തീ.09.01.2017 പ്രകാരം വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിന്റെ മുന്നോടിയായി തദ്ദേശഭരണ സ്ഥാപനങ്ങളിൽ ആസൂത്രണ സമിതിയും വർക്കിംഗ് ഗ്രൂപ്പുകളും രൂപീകരിക്കുന്നതിന് വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഇതനുസരിച്ച് ബ്ലോക്ക് പഞ്ചായത്തിലും ആസൂത്രണ സമിതി രൂപീകരിച്ചിട്ടുണ്ട്. എന്നാൽ ആസൂത്രണ സമിതിയുടെ പ്രവർത്തനങ്ങൾ ആശാവഹമല്ല എന്നാണ് ഇതു സംബന്ധിച്ച പ്രവർത്തനം വിലയിരുത്തിയതിൽ നിന്നും ബോധ്യമാവുന്നത്. തദ്ദേശ ഭരണ സ്ഥാപനത്തിലെ പദ്ധതി ആസൂത്രണം, നിർവ്വഹണം, വിലയിരുത്തൽ എന്നീ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്നതിന് വേണ്ട സഹായം നൽകുക എന്നതാണ് ആസൂത്രണ സമിതിയുടെ പ്രധാന ദൌത്യം. ആയതിനാൽ സമിതിയുടെ പ്രവർത്തനം കാര്യക്ഷമമാവേണ്ടതായുണ്ട് എന്ന് ഓഡിറ്റിൽ വിലയിരുത്തുന്നു.

ഗ്രാമ, ബ്ലോക്ക്, ജില്ലാപഞ്ചായത്ത് എന്ന വേർതിരിവില്ലാതെ എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളിലും വർക്കിംഗ് ഗ്രൂപ്പുകൾ രൂപീകരിക്കേണ്ടതുണ്ട്. എന്നാൽ വർക്കിംഗ് ഗ്രൂപ്പുകളുടെ അംഗങ്ങളുടെ പട്ടിക നിശ്ചിത മാതൃകയിൽ (അനുബന്ധം 2)തയ്യാറാക്കി ഉത്തരവാക്കി പ്രസിദ്ധീകരിച്ചിട്ടില്ല.പദ്ധതികൾ അംഗീകരിച്ചതിന് ശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിച്ച് നടപ്പിലാക്കുന്ന പ്രൊജക്ടുകൾ മോണിറ്റർ ചെയ്യണം.എന്നാൽ ഓഡിറ്റ് കാലയളവിൽ മോണിറ്ററിംഗ് കമ്മിറ്റികളുടെ പ്രവർത്തനം തൃപ്തികരമല്ല. പ്രൊജക്ടുകൾ അവയുടെ നിർവ്വഹണത്തിന്റെ ഓരോ ഘട്ടത്തിലും നിരന്തര മോണിറ്ററിംഗ് നടത്തേണ്ടതുണ്ടെങ്കിലും കമ്മിറ്റി ഒരിക്കൽ പോലും യോഗം ചേർന്ന് പദ്ധതികളുടെ ജയ പരാജയങ്ങൾ വിലയിരുത്തലിന് വിധേയമാക്കിയിട്ടില്ല. പരിശോധനയ്ക്ക് ലഭ്യമാക്കിയ പ്രോജക്ട് ഫയലുകളിൽ ഒന്നിൽപ്പോലും മോണിറ്ററിംഗ് റിപ്പോർട്ട് ഉൾപ്പെടുത്തിയിട്ടില്ല. വർക്കിംഗ് ഗ്രൂപ്പുകൾ യോഗം ചേർന്ന് പദ്ധതി പ്രവർത്തനങ്ങൾ വിലയിരുത്താത്തത് നിർവ്വഹണത്തിൽ സംഭവിച്ചിട്ടുള്ള വീഴ്ചയായി കാണുന്നു.ഓരോ വർക്കിംഗ് ഗ്രൂപ്പും പ്രവർത്തിക്കേണ്ടത് ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റിയുടെ മേൽനോട്ടത്തിലാണെങ്കിലും സ്റ്റാന്റിംഗ് കമ്മിറ്റികൾ ഇക്കാര്യത്തിൽ വേണ്ടത്ര ഇടപെടലുകൾ നടത്തിയിട്ടില്ല.പ്രൊജക്ട് മോണിറ്ററിംഗിൽ സംഭവിച്ചിട്ടുള്ള പോരായ്മകൾ പരിഹരിക്കുന്നതിന് ഈ വിഷയം സ്റ്റാന്റിംഗ് കമ്മിറ്റികളുടെയും ഭരണ

സമിതിയുടെയും ശ്രദ്ധയിൽ കൊണ്ടുവരുന്നു.

## 1-7 തനത് വരുമാനം

2017-18 സാമ്പത്തിക വർഷത്തിൽ ബ്ലോക്ക് പഞ്ചായത്തിന്റെ തനത് വരുമാനംതാഴെ പറയും പ്രകാരമാണ്.

| ഇനം | മുൻ വർഷം | തൻ വർഷം | വ്യത്യാസം | ശതമാനം |
|---|---|---|---|---|
| നികുതി വരവുകൾ | 0 | 0 | 0 | ---- |
| നികുതിയേതര വരവുകൾ | 345356 | 234538 | 110 818 | (-)32.09 |
| മറ്റു വരവുകൾ | 0 | 0 | 0 | 0 |
| ആകെ | 345356 | 234538 | 110,818 | (-)32.09 |

2016-17 ൽ ലഭിച്ചതിൽനിന്നും തനത് വരുമാനത്തിൽ ₹ 110,818 രൂപയുടെ കുറവ് 2017-18 ൽ ഉണ്ടായിട്ടുണ്ട്. ഇത് പരിശോധിക്കേണ്ടതും ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള തനത് ആസ്തികളിൽ നിന്നും വരുമാന വർദ്ധനവിന് സഹായകമായ നടപടികൾ ഉണ്ടാവേണ്ടതുമാണ്.

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 17-10-2018 ന് 12.20 മണിക്ക് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ക്യാഷ് ബാലൻസായി തുകയൊന്നും ഇല്ലാത്തത് ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

ബ്ലോക്ക് പഞ്ചായത്തിലെ ഭരണനിർവഹണവും ആഭ്യന്തര നിയന്ത്രണസംവിധാനവും കൂടുതൽ കാര്യക്ഷമമായ രീതിയിൽ നടപ്പാക്കേണ്ടതുണ്ട് എന്നാണ് ബന്ധപ്പെട്ട രേഖകളിൽ നിന്നും വ്യക്തമാകുന്നത്. ജീവനക്കാരുടെ പ്രതിമാസ യോഗങ്ങൾ ചേരുന്നുണ്ടെങ്കിലും നിർവ്വഹണ ഉദ്യോഗസ്ഥരല്ലാത്ത മറ്റ് ജീവനക്കാരുടെ പങ്കാളിത്തം പ്രസ്തുത യോഗങ്ങളിലെല്ലാം നന്നേ കുറവായാണ് കണ്ടത്. യോഗത്തിൽ ഉദ്യോഗസ്ഥരുടെ ജോലി പുരോഗതിയെ സംബന്ധിച്ചും പദ്ധതി ചെലവ് പുരോഗതി സംബന്ധിച്ചുമുള്ള കാര്യക്ഷമമായ അവലോകനമൊന്നും നടന്നതായി രേഖപ്പെടുത്തിയിട്ടില്ല. വിശദമായ ഓഫീസ് ഉത്തരവ് മുഖേന ജീവനക്കാർക്ക് ആവശ്യമായ ഉത്തരവുകളും നിർദ്ദേശങ്ങളും നൽകേണ്ടതുണ്ട്. ഓരോ ജീവനക്കാരനെയും ഏൽപ്പിക്കുന്ന ചുമതലകൾ കാര്യക്ഷമമായും ഫലപ്രദമായും സമയബന്ധിതമായും നടക്കുന്നുണ്ടെന്ന് സെക്ഷനുകളുടെ മേൽനോട്ട ചുമതലയുള്ള മേൽ ഉദ്യോഗസ്ഥൻ പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതായുണ്ട്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 25-5-2017 | 2015-2016 | 25-4-2018 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 08-01-2015 | 2013-2014 | 06-04-2015 |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 2-1 ബ്ലോക്ക് പഞ്ചായത്ത് തനത് വരവുകളിലെ കുടിശ്ശിക പിരിച്ചെടുക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്

പിണറായി വെണ്ടുട്ടായി മിനി വ്യവസായ കേന്ദ്രത്തിൽ 6മുറികളും, അഞ്ചരക്കണ്ടിബസ്റ്റാന്റ് ഷോപ്പിംഗ് കോംപ്ലക്സിൽ 2 മുറികളുമാണ് വാടകയ്ക്ക് നൽകുന്നയിനത്തിലുള്ള ബ്ലോക്ക് പഞ്ചായത്തിന്റെ തനത് ആസ്തികൾ. വ്യവസായ പാർക്കിന്റെ മുറികൾ ലേലം ചെയ്ത് നൽകുന്നതുമായി ബന്ധപ്പെട്ട് ബൈലോ തയ്യാറാക്കിയിട്ടുണ്ട്. പ്രസ്തുത ബൈലോ വ്യവസ്ഥ 5 പ്രകാരം മുറികൾ ഉപയോഗിക്കാനുള്ള അവകാശം സാമ്പത്തിക വർഷം അവസാനിക്കുന്ന വിധം മാസ വാടക അടിസ്ഥാനത്തിൽ നൽകുന്നതിനാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്. മുറികൾ ലഭിച്ചവർ കരാർ എല്ലാ സാമ്പത്തികവർഷവും പുതുക്കേണ്ടതാണ്. ഭരണ സമിതിക്ക് നിലവിലുള്ള വാടകയുടെ 5മുതൽ 15 ശതമാനം അധികം നിശ്ചയിച്ച് നിലവിലുള്ളവർക്കു തന്നെ കരാർ നൽകുവാൻ ബൈലോവിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഈ വിധം വർദ്ധനവ് വരുത്തിയാണോ നിലവിൽ വാടക ഈടാക്കുന്നത് എന്ന് വ്യക്തമാക്കുന്ന രേഖകൾ ലഭ്യമല്ല. പ്രസ്തുത കെട്ടിടത്തിൽ V1-151 മുറി കൈവശം വച്ചുവരുന്ന ശ്രീമതി. വിജിന. എം. എന്നവർ 2017-18 വർഷത്തിൽ വാടക കുടിശ്ശിക ഇനത്തിൽ ₹ 22,250 രൂപ ഒടുക്കുവാനുണ്ട്. ബൈലോ വ്യവസ്ഥ 20 പ്രകാരം മുറി അനുവദിക്കപ്പെട്ട ആൾ പ്രതിമാസ വാടക അതാതുമാസം അഞ്ചാം തീയതിക്കകം ബ്ലോക്ക് പഞ്ചായത്ത് ഓഫീസിൽ അടക്കാൻ ബാധ്യസ്ഥനാണ്. വാടക അടയ്ക്കുന്നതിൽ വീഴ്ച വരുത്തിയാൽ വീഴ്ച വരുത്തിയ തീയതി മുതൽ പണം അടക്കുന്ന തീയതി വരെയുള്ള കാലത്തേക്ക് പ്രതിമാസം 2% പിഴ പലിശയോടുകൂടി അടക്കണം. യാതൊരു കാരണവശാലും മൂന്നു മാസത്തിൽ കൂടുതൽ കുടിശ്ശിക അനുവദിക്കുന്നതല്ല. ഇത്തരം സന്ദർഭങ്ങളിൽ ലേലാവകാശം റദ്ദുചെയ്ത് മുറി പുനർവിതരണം നടത്താൻ സെക്രട്ടറിക്ക് അധികാരമുണ്ടായിരിക്കും തുടങ്ങിയവ്യവസ്ഥകൾ ബൈലോവിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ കുടിശ്ശിക ഈടാക്കുന്നതിന് ബൈലോയിൽ വ്യക്തമാക്കിയ വ്യവസ്ഥകൾ പ്രകാരമുള്ള നടപടികളൊന്നും ബ്ലോക്ക് പഞ്ചായത്ത് സ്വീകരിച്ചിട്ടില്ല. ഇതു സംബന്ധിച്ച് വിവരം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് (നം.6/17-18 തീയതി, 10-10-2018) കുടിശ്ശിക തുക ഈടാക്കുന്നതിന് നിയമാനുസൃതപ്രകാരമുള്ള നടപടികൾ ഉടൻ സ്വീകരിക്കുന്നതാണ് എന്നുള്ള മറുപടിയാണ് ലഭ്യമാക്കിയിട്ടുള്ളത്. തനത് വരുമാനം വളരെ കുറഞ്ഞിട്ടുള്ള ബ്ലോക്ക്

പഞ്ചായത്തിന് ലഭ്യമായ സ്രോതസ്സുകൾ പൂർണ്ണമായും ഉപയോഗപ്പെടുത്താനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 2-2 ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള അഞ്ചരക്കണ്ടി ബസ്റ്റാന്റ് ഷോപ്പിംഗ് കോംപ്ലക്സ് മുറിയുടെ വാടകഈടാക്കിയതിൽ കുറവ്

അഞ്ചരക്കണ്ടി ബസ്സ്റ്റാന്റിലെ ഷോപ്പിംഗ് കോംപ്ലക്സിലെ രണ്ടു മുറികൾ ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിലാണ്. ഇതനുസരിച്ച് ഭരണസമിതിയുടെ 16/01/18 ലെ 132-ാം നം തീരുമാനപ്രകാരം അഞ്ചരക്കണ്ടി ഷോപ്പിംഗ് കോംപ്ലക്സിലെ കെട്ടിടം മുറിയൊന്നിന് പ്രതിമാസം ₹ 3000/- ക്ക് കുടുംബശ്രീ ഗ്രൂപ്പുകൾക്ക് 2018 ഫെബ്രുവരി 1 മുതൽ വാടകയ്ക്ക് നൽകാൻ സെക്രട്ടറിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. എന്നാൽ വാടക രജിസ്റ്റർ പ്രകാരം ₹ 2000/- ണ് ഈടാക്കിയിരിക്കുന്നത്. ഈ വിധം തുകയിൽ കുറവ് വരുത്തുവാനുണ്ടായ സാഹചര്യം വിശദീകരിക്കപ്പെട്ടിട്ടില്ല. ഇതു സംബന്ധിച്ച വിവരം ലഭ്യമാക്കേണ്ടതും കുറവ് വന്ന തുക ഉത്തരവാദികളിൽ നിന്ന് ഈടാക്കേണ്ടതുമാണ്.

## 2-3 പിണറായി സി.എച്ച്.സി യിലെ പഴയ മരം, കല്ല്.ഓട് എന്നിവ ലേലം ചെയ്ത് വിൽക്കേണ്ടതാണ്

ഭരണസമിതിയുടെ 03/06/17 ലെ തീരുമാനം നം 37 പ്രകാരം പിണറായി കമ്യൂണിറ്റി ഹെൽത്ത് സെന്റർ കെട്ടിടത്തിലെ പഴയ മരം,കല്ല്,ഓട്, എന്നിവ ലേലം ചെയ്ത് വിൽക്കാൻ തീരുമാനിക്കുകയും ആയതിന് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. എന്നാൽ ലേല തുക വരവ് വന്നതായി കാണുന്നില്ല.ആയതു സംബന്ധിച്ച് നൽകിയ എൻക്വയറിക്ക്(എൻക്വയറി നം. 6/12.10.18) ലേലം ഇതുവരെയും നടത്തിയിട്ടില്ലെന്നും തുടർനടപടികൾ ഉടൻ സ്വീകരിക്കുന്നതാണെന്നും മറുപടി നൽകിയിട്ടുണ്ട്. ലേലം നടക്കാത്തതിലുള്ള വീഴ്ചകൾക്ക് വിശദീകരണം നൽകേണ്ടതാണ്.

## 2-4 ഇ-ടെണ്ടർ ഫീസിനത്തിൽ ബ്ലോക്ക് പഞ്ചായത്തിന് ലഭിക്കാനുള്ള ₹1,42,080 തിരികെ ലഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

2017-18 വർഷത്തെ വാർഷീക പദ്ധതിയിൽ ഉൾപ്പെടുത്തിയ താഴെ പറയുന്ന മരാമത്ത് പ്രവൃത്തികൾക്ക് ഇ.ടെണ്ടർ നടപടികൾ പൂർത്തിയാക്കിയത് എൽ.എസ്.ജി.ഡി ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനിയർ അക്കൗണ്ട് മുഖേനയാണ്. പ്രസ്തുത ടെണ്ടറുകൾക്ക് എക്സിക്യൂട്ടീവ് എഞ്ചിനിയർ അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്ത ടെണ്ടർ ഫീ ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിലേക്ക് തിരികെ ലഭ്യമായിട്ടില്ല

| ക്രമ നം. | പ്രൊജക്റ്റ് നം | പ്രവൃത്തിയുടെ പേര് | ടെണ്ടർ ഫീ |
|---|---|---|---|
| 1 | 13 /17-18 | പിണറായി CHC യിൽ സ്ത്രീകളുടെ വിശ്രമ മന്ദിര നിർമ്മാണം | 5000 |

| | | | |
|---|---|---|---|
| 2 | 8 /17-18 | എരുവെട്ടി നായനാർ സ്റ്റേഡിയനിർമ്മാണം | 5000 |
| 3 | 16/ 17-18 | മേലൂർ ഖാദി കേന്ദ്ര അറ്റകുറ്റപ്പണി | 1120 |
| 4 | MLASDF | പെരിങ്ങാടി -കല്ലനാണ്ടി. എൽ- പി. സ്കൂൾ- ഹാജിയാരകണ്ടിതോട് വയൽ ഡ്രൈനേജ് | 1120 |
| 5 | 5/17-18 | ബ്ലോക്ക് പഞ്ചായത്തിന് മിനി കോൺഫറൻസ് ഹാൾ നിർമ്മാണം. | 2800 |
| 6 | 17/17-18 | എരഞ്ഞോളി ഗ്രാമപഞ്ചായത്തിലെ ബ്ലോക്ക് ഓഡിറ്റോറിയ അറ്റകുറ്റപ്പണി | 2240 |
| 7 | MLASDF | മലാൽ വെള്ളപൊയിൽ റോഡ് ഡ്രൈനേജ് നിർമ്മാണം. | 1350 |
| 8 | 3/17-18 | വേങ്ങാട് മെയിൻ റോഡ് കുറുമ്പക്കാവ് ലൈൻ നിർമ്മാണം | 1250 |
| 9 | 12 /17-18 | കാപ്പാടൻ കുന്ന് മത്തിപ്പാറ റോഡ് നിർമ്മാണം | 2800 |
| 10 | MLASDF | തോട്ടുമ്മൽ മൂർക്കൻ ചിറ എസ്.എൻ പുരം റോഡ് നിർമ്മാണം | 1200 |
| 11 | MLASDF | പെരിങ്ങാടി കല്ലിയാണ്ടി എൽ.പി സ്കൂൾ റോഡ് നിർമ്മാണം | 600 |
| 12 | MLASDF | പിണറായി ഗ്രാമപഞ്ചായത്ത് ബാലഭവൻ നിർമ്മാണം | 7500 |
| 13 | 18 /17-18 | എരുവെട്ടി പാക്കാട്ട് വീട് അറ്റകുറ്റപ്പണി | 1000 |
| 14 | 86/17-18 | എരുവെട്ടി പാക്കാട്ട് വീട് അറ്റകുറ്റപ്പണി | 3360 |
| 15 | 87 /17-18 | അണ്ടലൂർ താഴെ കാവ് കോളാട് പാലം നിർമ്മാണം | 2800 |
| 16 | 7 /17-18 | ചാവോക്കുന്ന് അംഗൻവാടി നിർമ്മാണം | 1800 |
| 17 | 66 /17-18 | ബ്ലോക്ക് പഞ്ചായത്ത് കോൺഫറൻസ് ഹാൾ വൈദ്യുതീകരണം | 4600 |

| | | | |
|---|---|---|---|
| 17 | 98 /17-18 | ബ്ലോക്ക് ഓഫീസ് സൈഡ് മതിൽ നിർമ്മാണം | 1200 |
| | | ആകെ തുക | 46740 |

അസി. എഞ്ചിനിയർ ലഭ്യമാക്കിയ റിപ്പോർട്ടനുസരിച്ച് ടെണ്ടർ ഫീയിനത്തിൽ 2017-18 വർഷത്തിൽ മാത്രം ₹ 46740 രൂപയും ഇ-ടെണ്ടർ സംവിധാനത്തിലൂടെ ടെണ്ടർസ്വീകരിക്കാൻ തുടങ്ങിയ കാലയളവ് മുതൽ 2017-18 വരെ ആകെ ₹1,42,080 രൂപയും ബ്ലോക്ക് പഞ്ചായത്തിന് തിരികെ ലഭിക്കാനുണ്ട്. ടെണ്ടർ ഫീയിനത്തിലെ പ്രസ്തുത തുക തിരികെ ലഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## ഭാഗം-3

## ചെലവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 പെയ്ൻ & പാലിയേറ്റീവ് ക്ലിനിക്കിലേക്ക് പൂരക ധനസഹായം നൽകൽ പ്രോജക്ടിലെ ബ്ലോക്ക് വിഹിതത്തിന്റെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല

പ്രോജക്ട് നം. 22/17-18

ഗ്രാമപഞ്ചായത്ത് പെയ്ൻ & പാലിയേറ്റീവ് ക്ലീനിക്കിലേക്ക് പൂരക ധനസഹായം നൽകൽ

അടങ്കൽ- ₹ 7,00,000 ( പൊതുവിഭാഗം )

നിർവ്വഹണം- മെഡിക്കൽ ഓഫീസർ ( സി.എച്ച്.സി- പിണറായി)

ചെലവ് -ബിൽ നം- 1/17-18 തീയതി, 28-9-2017- ₹ 4,00,000

ബിൽ നം- 3/17-18 തീയതി, 28-10-2017-₹ 1,00,000

ബിൽ നം- 7/17-18 തീയതി, 25-11-2017- ₹ 1,00,000

ബിൽ നം- 11/17-18 തീയതി, 30-1-2018- ₹ 1,00,000

-------------------

ആകെ ₹ 7,00,000

ഗ്രാമപഞ്ചായത്ത് പെയ്ൻ & പാലിയേറ്റീവ് ക്ലിനിക്കിലേക്ക് പൂരക ധനസഹായം നൽകൽ എന്ന പ്രോജക്ടിൽ ചെലവഴിച്ച ₹ 7,00,000 രൂപ താഴെ പറയുന്ന ഗ്രാമപഞ്ചായത്തുകൾക്ക് വിതരണം ചെയ്തിട്ടുണ്ട്.

| സ്ഥാപനം | വിതരണം ചെയ്ത തുക |
|---|---|
| ന്യൂമാഹി ഗ്രാമപഞ്ചായത്ത് | ₹ 2,00,000 |
| എരഞ്ഞോളി ഗ്രാമപഞ്ചായത്ത് | ₹ 1,00,000 |

| | |
|---|---|
| പിണറായി ഗ്രാമപഞ്ചായത്ത് | ₹ 1,00,000 |
| വേങ്ങാട് ഗ്രാമപഞ്ചായത്ത് | ₹ 1,00,000 |
| ധർമ്മടം ഗ്രാമപഞ്ചായത്ത് | ₹ 1,00,000 |
| മുഴപ്പിലങ്ങാട് ഗ്രാമപഞ്ചായത്ത് | ₹ 1,00,000 |

പ്രസ്തുത തുകയുടെ വിനിയോഗ സാക്ഷ്യപത്രംലഭ്യമാക്കാൻ ആവശ്യപ്പെട്ട് 7/2017-18 തീയതി, 15-10-2018 പ്രകാരം ഓഡിറ്റ് അന്വേഷണകുറിപ്പ് നൽകിയതിന് മെഡിക്കൽ ഓഫീസർ നം.എ 424/2018 തീയതി, 17-10-2018 പ്രകാരം ലഭ്യമാക്കിയ മറുപടിയിൽ ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ നിന്ന് വിനിയോഗ സാക്ഷ്യപത്രം ലഭിക്കുന്നമുറയ്ക്ക് ഹാജരാക്കുന്നതാണെന്നാണ് അറിയിച്ചിട്ടുള്ളത്. ആയത് ലഭ്യമാക്കേണ്ടതാണ്.

## 3-2 സി.എച്ച്.സിയിലേക്കുള്ള മരുന്നിന്റെ ലഭ്യത സംബന്ധിച്ച് കൃത്യമായ വിവരമില്ല ചെലവ് തുക ₹ 3,00,000തടസ്സത്തിൽ വെക്കുന്നു.

പ്രോജക്ട് നം. 25/17-18

പിണറായി സി.എച്ച് .സിയിലേക്ക് മരുന്നുവാങ്ങൽ

അടങ്കൽ- ₹ 3,00,000 ( പൊതുവിഭാഗം )

നിർവ്വഹണം-മെഡിക്കൽ ഓഫീസർ, സി.എച്ച്.സി പിണറായി

ചെലവ് -ബിൽ നം- 1/17-18 തീയതി, 28-9-2017- ₹ 3,00,000

സി.എച്ച്.സിയിലേക്ക് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനിൽ നിന്നും മരുന്നുവാങ്ങുന്നതിനാണ് ₹3,00,000 ചെലവഴിച്ചിട്ടുള്ളത് ഇതിൽ ₹ 2,31,522 രൂപയുടെ മരുന്നുകൾ ലഭിച്ചതായി അറിയിച്ചിട്ടുണ്ട്. മരുന്നുകൾ സ്റ്റോക്കിലെടുത്തതിന്റെ രേഖകൾ ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നം. 8/17-18 തീയതി, 15-10-2018 പ്രകാരം ഓഡിറ്റ് അന്വേഷണ കുറിപ്പ് നൽകിയെങ്കിലും മരുന്നുകൾ സ്റ്റോക്കിൽ ഇനം തിരിച്ച് രേഖപ്പെടുത്തിയത് സംബന്ധിച്ചുമുള്ള രേഖകൾ ലഭ്യമാക്കിയിട്ടില്ല. ₹ 68,478 രൂപയുടെ മരുന്നുകൾ നാളിതുവരെയായും ലഭിച്ചിട്ടുമില്ല. ആയതിനാൽ പ്രസ്തുത രേഖകളുടെ അഭാവത്തിൽ ഈയിനത്തിലെ ചെലവു തുക ₹ 3,00,000 തടസ്സത്തിൽ വെക്കുന്നു. മരുന്നുകൾ ലഭ്യമായവിവരം സ്റ്റോക്ക് എൻട്രി സഹിതം ഓഡിറ്റ് പരിശോധനയ്ക്ക് ലഭ്യമാവുന്ന മുറയ്ക്ക് തടസ്സവാദം സംബന്ധിച്ച് തുടർനടപടി സ്വീകരിക്കുന്നതാണ്.

## 3-3 എച്ച്.എം.സി കണക്കുകൾ ഓഡിറ്റിന് വിധേയമാക്കേണ്ടതാണ്.

പ്രോജക്ട് നം. 29/17-18

പിണറായി സി.എച്ച് .സിയിലെ ദൈനംദിന ചെലവുകൾക്ക് എച്ച്. എം.സി ഫണ്ടിലേക്ക് റിക്വപ്പ്

ചെയ്യൽ

അടങ്കൽ- ₹ ,2,16,000 ( പൊതുവിഭാഗം )

ചെലവ് -ബിൽ നം- 2/17-18 തീയതി, 13-10-2017- ₹ 1,38,477

ബിൽ നം- 6/17-18 തീയതി, 14-11-2017- ₹ 39,243

ബിൽ നം- 12/17-18 തീയതി, 30-01-2018- ₹ 38,280

ആകെ- ₹ 2,16,000

ബ്ലോക്ക് പഞ്ചായത്തിന്റെ നിയന്ത്രണ പരിധിയിലുള്ള സ്ഥാപനമാണ് സി.എച്ച്.സി പിണറായി. പ്രസ്തുത സ്ഥാപനത്തിന്റെ ദൈനംദിന ചെലവുകൾക്ക് ബ്ലോക്ക് പഞ്ചായത്ത് പ്രോജക്ട് നമ്പർ 29/17-18 പ്രകാരം₹ 2,16,000 രൂപ ചെലവഴിച്ചിട്ടുണ്ട്. 14-3-2007 ലെ സ.ഉ( എം.എസ്) നം.79/2007 ത.സ്വഭ.വ പ്രകാരം ആശുപത്രി മാനേജ്മെന്റ് കമ്മറ്റികൾ നിലവിൽ വന്നു. 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിൽ , 1999 ലെ ആക്ട് സെക്ഷൻ 13 പ്രകാരംകൂട്ടി ചേർത്തവകുപ്പ് 173 എ പ്രകാരം സർക്കാറിൽ നിന്നും ഗ്രാമപഞ്ചായത്തിന് കൈമാറ്റം ചെയ്യപ്പെട്ടഓരോ പൊതുജനാരോഗ്യ സ്ഥാപനത്തിനുവേണ്ടി ചെയർമാനുൾപ്പെടെ 15 അംഗങ്ങളിൽ കൂടാതെയുള്ള ഒരു മാനേജിംഗ് കമ്മറ്റി രൂപീകരിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. മാനേജിംഗ് കമ്മറ്റിയുടെ പ്രതിവർഷ വരവ് ചെലവ് കണക്കുകൾ കേരള സംസ്ഥാന ഓഡിറ്റിന് വിധേയമാക്കേണ്ടത് നിയമപരമായ ബാധ്യതയാണ്. എച്ച്. എം.സി അക്കൗണ്ടിൽ 31-3-2018 തീയതിയിൽ ₹23,19,782 രൂപയുടെ നീക്കിയിരിപ്പുള്ളതായി മെഡിക്കൽ ഓഫീസർ രേഖാമൂലം അറിയിച്ചിട്ടുണ്ട്. എന്നാൽ എച്ച്. എം.സി കണക്കുകൾ നാളിതുവരെ ഓഡിറ്റിന് സമർപ്പിച്ചിട്ടില്ല. ആയതിനാൽ 1994-95 വർഷം മുതലുള്ള എച്ച്.എം.സി. കണക്കുകൾ ഓഡിറ്റിന് സമർപ്പിക്കേണ്ടതിലേക്ക് ഭരണ സമിതിയുടെ ശ്രദ്ധക്ഷണിക്കുന്നു.

## 3-4 വയോജനങ്ങൾക്ക് ഉപകരണവിതരണം-നടപടിക്രമങ്ങൾ പാലിച്ചതിന്റെ രേഖകൾ ഹാജരാക്കിയില്ല ചെലവ് ₹ 88200 തടസ്സത്തിൽ വെക്കുന്നു.

നിർവ്വഹണം : മെഡിക്കൽ ഓഫീസർ (സി.എച്ച്.സി.)
പ്രോജക്ട് നം. 44/17-18

വയോജനങ്ങൾക്ക് വിവിധ ഉപകരണങ്ങൾ

അടങ്കൽ- ₹ 90,350 ( പൊതുവിഭാഗം )

ചെലവ് -ബിൽ നം- 18/17-18 തീയതി, 19-3-2018- ₹ 88,200

ഈ പ്രോജക്ടിൽ വയോജനങ്ങൾക്ക് ശ്രവണസഹായികൾ വിതരണം ചെയ്യുക എന്ന പ്രവർത്തനമാണ് നടത്തിയിട്ടുള്ളത്. 21 ശ്രവണ സഹായികൾ ഒന്നിന് ₹ 4200 രൂപ നിരക്കിലാണ് വാങ്ങിയിട്ടുള്ളത്. ഗുണഭോക്താക്കൾക്ക് ഉപകരണങ്ങളുടെ ആവശ്യകത നിർണ്ണയിക്കുന്നതിന് മെഡിക്കൽ ക്യാമ്പ് നടത്തിയത് സംബന്ധിച്ചും ശ്രവണസഹായി ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തത് സംബന്ധിച്ചുമുള്ള രേഖകൾ ലഭ്യമാക്കാൻ ഓഡിറ്റ്

അന്വേഷണകുറിപ്പ് നം.10/2017-18തീയതി 15-10-2018 പ്രകാരം ആവശ്യപ്പെട്ടതിൽ മെഡിക്കൽ ഓഫീസർ ഹാജരാക്കിയ മറുപടിയിൽ (എ /424 /2018 തീയതി, 17-10-2018) ആവശ്യപ്പെട്ട വിവരങ്ങൾ പിന്നീട് ഹാജരാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ആവശ്യപ്പെടുന്ന സമയത്ത് ഹാജരാക്കാതെ "രേഖകൾ പിന്നീട് ഹാജരാക്കുന്നതാണ്"എന്ന മറുപടി രേഖകൾ ഒന്നും കൃത്യമായി സൂക്ഷിക്കുന്നില്ല എന്നതിന് തെളിവാണ്. ഉത്തരവാദിത്തം നിറവേറ്റുന്നതിലെ നിർവ്വഹണ ഉദ്യോഗസ്ഥന്റെ വീഴ്ചകൾ ഭരണസമിതിയുടെ ശ്രദ്ധയിൽ പെടുത്തുന്നു. പ്രസ്തുത രേഖകളുടെ അഭാവത്തിൽ ഈയിനത്തിലെ ചെലവ് ₹ 88200 തടസ്സത്തിൽ വെക്കുന്നു. ബന്ധപ്പെട്ട രേഖകൾ ലഭ്യമാക്കുന്ന മുറയ്ക്ക് തടസ്സവാദം സംബന്ധിച്ച് തുടർനടപടി സ്വീകരിക്കുന്നതാണ്.

## 3-5 വിവിധ പ്രൊജക്റ്റ് നിർവ്വഹണം - വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല

നിർവ്വഹണം- സെക്രട്ടറി

വിവിധങ്ങളായ പ്രോജക്റ്റ് നിർവ്വഹണത്തിനായി ഗ്രാമപഞ്ചായത്തുകൾക്ക് അനുവദിച്ച തുകകളുടെ വിനിയോഗസാക്ഷ്യപത്രം ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. മോണിറ്ററിംഗ് റിപ്പോർട്ടും ഫയലിൽ ലഭ്യമല്ല. വിനിയോഗ സാക്ഷ്യപത്രത്തിന്റെയും മോണിറ്ററിംഗ് രേഖകളുടേയും അഭാവത്തിൽ പ്രസ്തുത പ്രോജക്റ്റുകൾ ലക്ഷ്യം കൈവരിച്ചുവോ എന്ന് ഓഡിറ്റിൽ പരിശോധിക്കുവാൻ സാധിച്ചിട്ടില്ല. പ്രവൃത്തികളുടെ വിനിയോഗസാക്ഷ്യപത്രവും മോണിറ്ററിംഗ് റിപ്പോർട്ടും ലഭ്യമാക്കേണ്ടതാണ്.

| ക്രമ.നം | പ്രോജക്റ്റിന്റെപേര് | ഫണ്ടിനം/ചെലവ് വിവരം | ബിൽ നം. | ആർക്ക് നൽകി |
|---|---|---|---|---|
| 1 | 24 /17-18<br>മുഴപ്പിലങ്ങാട് ആധുനിക ക്രിമറ്റോറിയം വിഹിതം നൽകൽ | ₹ 16,80,000<br>( ജനറൽ ) | 126 /16-11-17 | മുഴപ്പിലങ്ങാട് ഗ്രാമപഞ്ചായത്ത് |
| 2 | 85 /17-18 MGNREGS<br>ഫണ്ട് ഉപയോഗിച്ച് നിർമ്മിക്കുന്ന പാച്ചപൊയ്ക അങ്കണവാടിക്ക് ബ്ലോക്ക് വിഹിതം | ₹ 5,00,000<br>( വികസന ഫണ്ട് ജനറൽ ) | 237 /16-03-18 | വേങ്ങാട് ഗ്രാമപഞ്ചായത്ത് |
| 3 | 95 /17-18 | ₹ 7,76,500 | 216/20-02-18 | എരഞ്ഞോളി |

| | | | | |
|---|---|---|---|---|
| | പ്ലാസ്റ്റിക്ക് ശേഖരണ യൂണിറ്റിൽ ശുചിമുറിയും അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കലും | ( വികസന ഫണ്ട് ജനറൽ ) | | ഗ്രാമപഞ്ചായത്ത് |
| 4 | 69 /17-18<br>ടൂവീലർ ബ്ലോക്ക് വിഹിതം | ₹ 1,20,000<br>വികസന ഫണ്ട്<br>(എസ്.സി.പി) | 66 /21-08-2017 | ₹90,000വേങ്ങാട് ഗ്രാമപഞ്ചായത്തിന്<br>₹30,000<br>അഞ്ചരക്കണ്ടി ഗ്രാമപഞ്ചായത്തിന് |

## 3-6 ടെണ്ടർ പരസ്യം -സർക്കാർ ഉത്തരവ് പാലിക്കാത്തത്

പ്രോജക്ട് നം.10/17-18 ( പദ്ധതി ആസൂത്രണം, നിർവ്വഹണം, മോണിറ്ററിംഗ്)

നിർവ്വഹണം- സെക്രട്ടറി

അടങ്കൽ- ₹ 2,50,000 ( വികസന ഫണ്ട് )

ചെലവ്-

1. ബിൽ നം. 65 /21-8-17- 33750
2. ബിൽ നം. 112 /28-10-17- 32 848
3. ബിൽ നം. 202 /12-02-18- 32,773
4. ബിൽ നം. 230 /18-2-18- 24,872

--------

ആകെ - 1,24,243

ഓഡിറ്റ് കാലയളവിൽ ടെണ്ടർ/റീടെണ്ടർ പരസ്യം നൽകുന്നതിന് താഴെ പറയും പ്രകാരം ₹ 115041 രൂപ ദേശാഭിമാനി ദിനപത്രത്തിന് നൽകിയിട്ടുണ്ട്.

| ക്രമ നം. | പരസ്യ തീയതി | സൈസ് (സെ.മി) | ചെലവ് തുക | ബിൽ നം. | ഇൻവോയ്സ് നമ്പർ | റിമാർക്സ് |
|---|---|---|---|---|---|---|
| 1 | 18-8-17 | 9x12.2 | 20752 | 65/21-8-17 | KNR-8255/dt.18-8-17 | |
| 2 | 17-9-17 | 8x8 | 12096 | 112 /28-10-17 | KNR-14351/dt.17-9-17 | |

| | | | | | | |
|---|---|---|---|---|---|---|
| 3 | 3-11-17 | 7x12.2 | 16141 | 202 /12-2-18 | KNR-21961/dt.3-11-17 | |
| 4 | 28-12-17 | 11x8 | 16632 | 202 /12-2-18 | KNR-27063/dt.2.12.17 | |
| 5 | 23-01-18 | 9x12.2 | 20752 | 230 /26-2-18 | KNR-33248/dt.23 1.18 | |
| 6 | 1-3-18 | 7x12.2 | 16387 | 292/31-3-18 | KNR-3/40091 /dt.1-3-18 | ക്യൂ - സിസ്റ്റം |
| 7 | 16-3-18 | 8x8 | 12281 | 292/31-3-18 | KNR-3/43211 /dt.16-3-18 | ക്യൂ - സിസ്റ്റം |
| | ആകെ- | | 115041 | | | |

തദ്ദേശസ്വയംഭരണവകുപ്പിന്റെ 8-12-2009 ലെ 15744/RD1/7 നമ്പർ സർകുലർ പ്രകാരം പത്രപരസ്യങ്ങൾ സംക്ഷിപ്തമാക്കേണ്ടതിനെ കുറിച്ചും, നിരക്ക് പബ്ലിക്ക് റിലേഷൻസ് വകുപ്പ് കാലാകാലങ്ങളിൽ നിശ്ചയിക്കുന്ന നിരക്ക് പ്രകാരമായിരിക്കുമെന്നും വ്യക്തമാക്കിയിട്ടുണ്ട്. ദർഘാസ് പരസ്യങ്ങളിൽ അടിസ്ഥാന വിവരങ്ങൾ മാത്രം ഉൾകൊള്ളുന്ന വിൻഡോ പരസ്യങ്ങൾ (3x2 സെ.മി വലുപ്പം) പ്രസിദ്ധീകരിച്ചാൽ മതിയെന്ന പൊതുഭരണ വകുപ്പിന്റെ (I &PRD) 1-1-2004 ലെ 1/04 നമ്പർ ഉത്തരവ് തദ്ദേശസ്വയംഭരണ വകുപ്പിനുകൂടി ബാധകമായതാണ്. പരസ്യങ്ങൾക്ക് 15% ഡിസ്കൗണ്ട് അനുവദിക്കണമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. (G.O(Rt) 1/2011 P&ARD 4-01-2011) എന്നാൽ പ്രസ്തുത ഉത്തരവുകളൊന്നും പാലിച്ചുകാണുന്നില്ല. 23-1-2018 മുതലുള്ള പരസ്യങ്ങൾക്ക് മാത്രമേ ഡിസ്കൗണ്ട് ലഭിച്ചിട്ടുള്ളൂ. തലവാചകത്തിൽ വിൻഡോ പരസ്യമെന്ന് ചേർത്തിട്ടുണ്ടെങ്കിലും പരസ്യം പൂർണ്ണ രൂപത്തിലാണ് നൽകിവരുന്നത്. അതുവഴി ബ്ലോക്ക് പഞ്ചായത്തിന് ഈയിനത്തിൽ അധിക ചെലവ് ഉണ്ടാകുന്നുണ്ട്. സർക്കാർ ഉത്തരവ് പാലിക്കാത്തതിന് വിശദീകരണം നൽകേണ്ടതാണ്. സർക്കാർ മാർഗ്ഗനിർദ്ദേശപ്രകാരമുള്ള വലുപ്പത്തിലും നിരക്കിലും പരസ്യം നൽകുന്നതിന് ശ്രദ്ധിക്കേണ്ടതും നിയമാനുസൃത ഇളവ് ലഭിക്കുന്നു എന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

## 3-7 <u>അച്ചടി ജോലികൾക്ക് ക്വട്ടേഷൻ ക്ഷണിക്കുന്നില്ല. പ്രിന്റിംഗ് ഇനങ്ങൾക്ക് സ്റ്റോക്ക് രജിസ്റ്റർ തയ്യാറാക്കുന്നില്ല.₹ 20,650 തടസ്സത്തിൽ വെയ്ക്കുന്നു.</u>

പ്രോജക്ടിന്റെ പേര് : പ്രൊജക്ട് നം.10/17-18

: പദ്ധതി രൂപീകരണം, നിർവ്വഹണം,മോണിറ്ററിംഗ്

നിർവ്വഹണം : സെക്രട്ടറി

അടങ്കൽ : ₹ 2,50,000 (വികസനഫണ്ട്)

ചെലവ് വിവരം :

| ബിൽ നം | തുക(₹) |
|---|---|
| 65/21.08.17 | 33750 |
| 112/28.10.17 | 32848 |
| 202/12.02.18 | 32773 |
| 230/28.02.18 | 24872 |
| 292 / 31-3-18 | 103668 ( ക്യൂ -സിസ്റ്റം) |
| ആകെ | 227911 |

മേൽ പ്രൊജക്ട് നിർവ്വഹണവുമായി ബന്ധപ്പെട്ട് ഉണ്ടായ അച്ചടി ചെലവുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1. ബിൽ നം.65/21.08.17 പ്രകാരം 2017-18 ലെ വാർഷിക പദ്ധതി രേഖ പ്രിന്റ് ചെയ്യതിന് 14750/- രൂപയും (ഇൻവോയ്സ് 45/27.5.17) വികസനരേഖ പ്രിന്റ് ചെയ്യതിന് 5900/- രൂപയും (ഇൻവോയ്സ് 44/24.5.17) ഉൾപ്പെടെ 20650/- രൂപ തലശ്ശേരി പ്രിന്റിംഗ് വർക്കേഴ്സ് ഇൻഡസ്ട്രിയൽ കോ-ഓപറേറ്റീവ് സൊസൈറ്റി ലിമിറ്റഡിന് നൽകിയിട്ടുണ്ട്. അച്ചടി ജോലികൾക്ക് ക്വട്ടേഷൻ ക്ഷണിച്ച വിവരം ഫയലിൽ ലഭ്യമല്ല.

2. ഇൻവോയ്സുകൾ പ്രകാരം പദ്ധതി രേഖ 82 പേജുകളുള്ള 50 പുസ്തകങ്ങളും വികസന രേഖ 61 പേജുകളുള്ള 20 പുസ്തകങ്ങളുമാണ് തയ്യാറാക്കിയിട്ടുള്ളത്. പ്രസ്തുത പുസ്തകങ്ങൾ സ്റ്റോക്കിലെടുത്തതിന്റെ വിവരം ലഭ്യമാക്കിയിട്ടില്ല.

3. വാർഷിക പദ്ധതി രേഖയുടെ ഒരു കോപ്പി ഓഡിറ്റിന്റെ ഭാഗമായി പരിശോധിച്ചതിൽ പ്രസ്തുത പുസ്തകം 75 പേജ് ഉൾക്കൊള്ളുന്നതാണെന്ന് കാണാൻ സാധിച്ചു. 75 പേജിന് 82 പേജിന്റെ തുകയാണ് നൽകിയിരിക്കുന്നത്.

4.വികസന രേഖയുടെ കോപ്പി ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

വികസന രേഖയും , പദ്ധതിരേഖയും ഒരു കോപ്പിക്ക് ₹ 295 നിരക്കിലാണ് പ്രിന്റ്ചെയ്തിട്ടുള്ളത്. പുറംചട്ടയിൽ ഒരുഭാഗം മാത്രം കളർപ്രിന്റിൽ ചെയ്ത പദ്ധതി രേഖ, ഇൻവോയ്സ് പ്രകാരം 82 പേജിലാണ് തയ്യാറാക്കിയത് എന്ന് രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും കോപ്പി പരിശോധിച്ചതിൽ 75 പേജ് മാത്രമാണുള്ളത്. 61 പേജിൽ തയ്യാറാക്കിയതായി ഇൻവോയ്സിൽ രേഖപ്പെടുത്തിയ വികസന രേഖയ്ക്കും ഒന്നിന് 295 രൂപ തന്നെയാണ് ഈടാക്കിയിട്ടുള്ളത്. പ്രിന്റ് ചെയ്ത വികസനരേഖയും, പദ്ധതിരേഖയും സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ( നം.15/17-10-2018 ) വിശദമായ മറുപടി

പിന്നീട് ലഭ്യമാക്കുമെന്നാണ് അറിയിച്ചിട്ടുള്ളത് . മേൽ രേഖകളുടെ അഭാവത്തിൽ ചെലവ് തുക ₹ 20,650 തടസ്സത്തിൽ വെക്കുന്നു. കൃത്യമായ വിവരങ്ങൾ പരിശോധിക്കാതെ തുക നൽകിയത് നിർവ്വഹണ ഉദ്യോഗസ്ഥന്റെ വീഴ്ചയായി കാണുന്നു. ഇത്തരം കാര്യങ്ങളിൽ ബ്ലോക്ക് പഞ്ചായത്തിന്റെ സാമ്പത്തിക താത്പര്യം പരിരക്ഷിക്കുന്ന വിധത്തിൽ ആവശ്യമായ ഇടപെടലുകൾ നടത്തുന്നതിന് വികസന കാര്യ സ്റ്റാന്റിംഗ് കമ്മറ്റിയും ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പുകളും ജാഗ്രത പുലർത്തേണ്ടതാണ്.

## 3-8 ഭവനനിർമ്മാണ പദ്ധതി അവലോകനം

2010-11 മുതൽ 2015-16 വരെ 583 ഗുണഭോക്താക്കൾക്ക് ഭവന നിർമ്മാണത്തിന് ആനുകൂല്യം നൽകിയിട്ടുണ്ട്. 2016-17 കാലയളവിൽ PMAY പദ്ധതിയിൽ 19 ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകിയതിൽ 16 പേരും ഭവന നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ട്. 2017-18 കാലയളവിൽ വിവിധ സ്കീമിൽ ഭവന നിർമ്മാണ ആനുകൂല്യംലഭിച്ചവരിൽ താഴെ പറയുന്ന ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തിയാക്കിയിട്ടില്ല.

| ക്രമ നം. | ഗുണഭോക്താകളുടെ പേര് | ഗ്രാമപഞ്ചായത്ത് | ഭവന പദ്ധതി | 31-3-2018 വരെ നൽകിയ തുക |
|---|---|---|---|---|
| 1 | ശ്രീ. സുധാകരൻ | ധർമ്മടം | പി.എം. എ.വൈ | 48000 |
| 2 | ശ്രീമതി സി.പി പ്രിയ | വേങ്ങാട് | do- | 1,80,000 |
| 3 | ശ്രീമതി പുഷ്പജ | അഞ്ചരക്കണ്ടി | do- | 1,60,000 |
| 4 | ശ്രീമതി ഷഹന.എം | ധർമ്മടം | ഐ.എ.വൈ | 1,21,500 |
| 5 | ശ്രീമതി ടി.കെ .ഷബാന | വേങ്ങാട് | ഐ.എ.വൈ | 1,89,500 |

ഭവനനിർമ്മാണം പൂർത്തിയാക്കുന്നതിനുള്ള നടപടി ത്വരിതപ്പെടുത്തേണ്ടതാണ്.

## 3-9 ബ്ലോക്ക് പഞ്ചായത്തിന്റെ ധനസഹായത്തോടെ ആരംഭിച്ച സ്വയം തൊഴിൽ സംരംഭങ്ങളുടെ പ്രവർത്തനം മോണിറ്ററിംഗിന് വിധേയമാക്കുന്നില്ല.

പതിമൂന്നാം പഞ്ചവത്സര പദ്ധതിയുടെ 2017-18വാർഷിക പദ്ധതി സബ്സിഡി മാർഗ്ഗരേഖ (സ.ഉ ( എം.സ്) നമ്പർ.80 /2017/ തസ്വഭവ, തീയതി, 03-04-2017 ) ഖണ്ഡിക. 8-7 പ്രകാരം

സ്വയം തൊഴിൽ സംരംഭങ്ങൾക്ക് ധനസഹായം നൽകാവുന്നതാണ്. മേൽ മാർഗ്ഗരേഖയിലെ നിർദ്ദേശപ്രകാരം വ്യവസായ വികസന ഓഫീസർ രണ്ട് പ്രോജക്ടുകൾ നടപ്പാക്കിയിട്ടുണ്ട്. ഈ പ്രോജക്ടുകളുടെ ചെലവ് വിവരം ചുവടെ കൊടുക്കുന്നു.

1.പ്രോജക്ട് നം..42 /17-18

കുടുംബശ്രീ വനിതാ ഗ്രൂപ്പുകൾക്ക് ആസ്തി

നിർവ്വഹണം. വ്യവസായ വികസന ഓഫീസർ

അടങ്കൽ- 20,00,000

ചെലവ്- 10,00,000/-

| ക്രമ നം. | ബിൽ നം. | തീയതി | തുക |
|---|---|---|---|
| 1. | 3/17-18 | 08-01-18- | 2,50,000 |
| 2 | 4 /17-18 | 08-01-18 | 2,50,000 |
| 3 | 11 /17-18- | 15-2-18 | 2,50,000 |
| 4 | 10 /17-18- | 15-2-18 | 2,50,000 |
| | | ആകെ | ₹ 10,00,000 |

2. പ്രോജക്ട് നം..47 /17-18

സ്വയം സഹായ സംഘങ്ങൾക്കുള്ള തൊഴിൽ സംരംഭം

അടങ്കൽ- ₹ 17,50,000

ചെലവ്- ₹16,50,000/-

| ക്രമ നം. | ബിൽ നം. | തീയതി | തുക |
|---|---|---|---|
| 1. | 7/17-18 | 22-12-17 | 1,25,000 |
| 2 | 1 /17-18 | 08-01-18 | 2,00,000 |
| 3 | 2/17-18- | 08-01-18 | 2,00,000 |
| 4 | 15 /17-18- | 20-03-18 | 2,00,000 |
| 5 | 5 /17-18 | 11-02-18 | 2,00,000 |
| 6 | 6/17-18 | 11-01-18 | 2,00,000 |
| 7 | 4 /17-18 | 15-02-18 | 1,25,000 |
| 8 | 6 /17-18 | 11-1-18 | 2,00,000 |
| 9 | 18 /17-18 | 28-03-18 | 2,,00000 |

| | | | |
|---|---|---|---|
| | | ആകെ | 16,50,000 |

മേൽ പ്രോജക്ടുകളിലൂടെ താഴെപറയുന്ന സ്വയംസഹായ സംഘങ്ങൾക്കാണ് ധനസഹായം നൽകിയിട്ടുള്ളത്.

| ക്രമ നം. | ഗ്രൂപ്പിന്റെ പേര് | ധനസഹായം നൽകിയ സംരംഭം |
|---|---|---|
| 1 | ചെന്താര സ്വയം സഹായ സംഘം കുഴിയിൽ പീടിക | ശിങ്കാരിമേളം |
| 2 | അണ്ടലൂർ കലാ സാംസ്കാരിക സംഘം പാലയാട് | ശിങ്കാരിമേളം |
| 3 | ചലനം സ്വയം സഹായ സംഘം കുഴിയിൽ പീടിക | വാദ്യമേളം |
| 4 | ഐശ്വര്യ സ്വയം സഹായ സംഘം പാതിരിയാട് | ബാന്റ്മേളം |
| 5 | തേജസ്വിനി സ്വയം സഹായ സംഘം ശങ്കരനെല്ലൂർ | ബാന്റ് ട്രൂപ്പ് |
| 6 | യങ് സ്റ്റാർ സ്വയം സഹായ സംഘം പാതിരിയാട് | ലൈറ്റ് & സൗണ്ട് |
| 7 | പ്രകൃതി സ്വയം സഹായ സംഘം പിണറായി | വാടക സെന്റർ |
| 8 | സീതു സ്വയം സഹായ സംഘം പലേരി | തുണി സഞ്ചി.കിടക്ക നിർമ്മാണം |
| 9 | മാനസം സ്വയം സഹായ സംഘം കണ്ണാടിവെളിച്ചം | തുണി സഞ്ചി.കിടക്ക നിർമ്മാണം |
| 10 | തനിനാടൻ സ്വയം സഹായ സംഘം പാച്ചപൊയ്ക | ചപ്പാത്തി നിർമ്മാണ യൂണിറ്റ് |
| 11 | ചിലമ്പ് സ്വയം സഹായ സംഘം | വാദ്യ കലാ സംഘം |
| 12 | നവജ്യോതി കുഴിയിൽ പീടിക | വാടക സാധന വിതരണം |
| 13 | ദിശ വേങ്ങാട് സ്വയം സഹായ സംഘം | കെട്ടിട നിർമ്മാണ സാമഗ്രികൾ വാടക |
| 14 | യുവശക്തി സ്വയം സഹായ സംഘം | കോൺക്രീറ്റ് മിക്സിംഗ് യൂണിറ്റ് |
| 15 | തനിമ സ്വയം സഹായ സംഘം | വാടക സെന്റർ |

മേൽ പ്രസ്താവിച്ച ഗ്രൂപ്പുകൾക്ക് 2017-18 ൽ നടപ്പാക്കിയ പ്രോജക്ടുകളിലായി ആകെ ₹26,50,000 രൂപ സബ്സിഡിയിനത്തിൽ അനുവദിച്ചിട്ടുണ്ട്. പരമ്പരാഗത മേഖലയിലുള്ള സ്ഥാപനങ്ങൾക്കാണ് ധനസഹായം അനുവദിച്ചിട്ടുള്ളത്. ഇവയൊക്കെ എത്രമാത്രം തൊഴിലും. വരുമാനവും പ്രദാനം ചെയ്യാൻ പര്യാപ്തമാണ് എന്ന് വിലയിരുത്തിയിട്ടില്ല. ധനസഹായം നൽകാൻ ഗ്രൂപ്പുകൾക്ക് ഗ്രേഡിംഗ് നൽകുന്നത് ലോൺ അനുവദിക്കുന്ന ബാങ്ക് ആണ്എന്നതിനാൽ ഇതിന്റെ ആധികാരികത വ്യക്തമല്ല. ലോൺ ലഭിക്കുന്നതിനുള്ള അർഹതയ്ക്ക്

ഗ്രേഡിംഗിൽ മിനിമം 120 മാർക്ക് ലഭിക്കണമെന്നാണ് നിബന്ധന ഇതിലും കുറഞ്ഞ മാർക്ക ലഭിച്ചവർക്ക് വരെ ബാങ്ക് ലോൺ അനുവദിച്ചിട്ടുമുണ്ട്. (ചെന്താര സ്വയം സഹായ സംഘം- 80 മാർക്ക്, പ്രകൃതിസ്വയം സഹായ സംഘം, പിണറായി, സീതു സ്വയം സഹായ സംഘം പലേരി 103 മാർക്ക്, മാനസ സ്വയം സഹായ സംഘം, കണ്ണാടി വെളിച്ചം- 105 മാർക്ക്) ധസസഹായം കൈപ്പറ്റിയവരെല്ലം സംരംഭങ്ങൾ ആരംഭിച്ചതായി നിർവ്വഹണ ഉദ്യോഗസ്ഥൻ അറിയിക്കുകയുണ്ടായി. എന്നാൽ പ്രസ്തുത സംരംഭങ്ങളുടെ ഫീൽഡ് തല പരിശോധന നടത്തിയതിൽ പ്രസ്തുത സംരംഭങ്ങൾക്ക് ആനുകൂല്യം കൈപ്പറ്റിയവരിൽ പലരും സംരംഭം സാമ്പത്തികമായി ലാഭകരമല്ലാത്തതിനാൽ ഗ്രൂപ്പ് വിട്ടുപോയതായി അറിയിക്കുകയുണ്ടായി (ഉദാഹരണമായി തനി നാടൻ ചപ്പാത്തി യൂണിറ്റ് പാച്ചപൊയ്ക) വനിതാ സംരംഭമായി തുടങ്ങിയ ചില സംരംഭങ്ങൾ (തനിമസ്വയംസഹായ സംഘം, യംഗ് സ്റ്റാർ പാതിരിയാട്) പരിശോധന നടത്തിയതിൽ ബ്ലോക്ക് പഞ്ചായത്ത് ധനസഹായത്തോടെ വാങ്ങിയ വാടക സാമഗ്രികൾ സംരംഭകരുടെ സാന്നിദ്ധ്യമില്ലാതെ മൂന്നാം കക്ഷികൾ മുഖാന്തിരം ഇടപാട് നടത്തുന്നതായി ബോധ്യപെടുകയുണ്ടായി.ലഭ്യമായ വിവരങ്ങൾ അനുസരിച്ച് 2017-18 വർഷത്തിൽ ബ്ലോക്ക് പഞ്ചായത്ത് ധനസഹായത്തോടെ ആരംഭിച്ച 15 സ്വയം സഹായ സംഘങ്ങളിൽ സാമ്പത്തികമായി വിജയിച്ചത് രണ്ട് തുണി സഞ്ചി, കിടക്ക നിർമ്മാണ യൂണിറ്റുകൾ മാത്രമാണ്. ഇതിൽ നിന്നും സംരംഭം ആരംഭിക്കുന്നതിനുള്ള ധനസഹായം നൽകുന്നതോടെ നിർവ്വഹണ ഉദ്യോഗസ്ഥന്റെ ഉത്തരവാദിത്തം കഴിഞ്ഞു എന്ന മട്ടിലാണ് പദ്ധതി നിർവ്വഹണം എന്ന് കാണാവുന്നതാണ്. ബാങ്ക് ലോൺ,ബ്ലോക്ക് ധനഹായം എന്നിവ കൊണ്ട് ആരംഭിച്ച സംരംഭങ്ങൾ സാമ്പത്തികമായി വിജയിച്ചില്ലെങ്കിൽ ലോൺ തിരിച്ചടവ് മുടങ്ങുന്നതിനും, സംരംഭം തന്നെ ജപ്തി ചെയ്യപ്പെടാനും അന്യാധീനപ്പെടാനുമുള്ള സാധ്യതയുണ്ട്. പല സംരംഭകർക്കും സ്ഥാപനത്തിന് സ്വന്തമായ ആസ്ഥാനമില്ല. കെട്ടിട നിർമ്മാണ സമഗ്രികൾ വാടകയ്ക്ക് നൽകുന്നതിന് ആനുകൂല്യം കൈപ്പറ്റിയ സംരംഭകരുടെ സാമഗ്രികൾ, വാടക സെന്റർ, വാദ്യസംഘം എന്നിവരുടെയൊക്കെ സാമഗ്രികൾ സൂക്ഷിക്കുന്നത് ചില ഗ്രന്ഥശാലകളിലും മറ്റുമാണ്. ബ്ലോക്ക് ധനസഹായത്തോടെ വാങ്ങിയ സാമഗ്രികളുടെ മേൽ ബ്ലോക്ക് പഞ്ചായത്തിന്റെ പേര് പോലും രേഖപ്പെടുത്തിയിട്ടില്ല.

മേൽസാഹചര്യത്തിൽ 2017-18 വർഷത്തിൽ സംരംഭങ്ങൾ തുടങ്ങുവാൻ ധനസഹായം നൽകിയ 15സംരംഭകരുടെയും യോഗം വിളിച്ചുചേർത്ത് സംരംഭം തുടങ്ങുന്നതിന് ഗ്രേഡിംഗ് നടത്തി ധസഹായം കൈപ്പറ്റിയതിൽ എത്രപേർ പ്രസ്തുത സ്ഥാപനം നടത്തുന്നുണ്ട് എന്നുപരിശോധിക്കേണ്ടതാണ്. അവരുടെ വരവ്,ചെലവ് റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ ലോൺ തിരിച്ചടവ് വിലയിരുത്തേണ്ടതാണ്. ബ്ലോക്ക് പഞ്ചായത്ത് ധനസഹായത്തോടെ വാങ്ങിയ മുഴുവൻ സാമഗ്രികൾക്കും ബ്ലോക്ക് പഞ്ചായത്തിന്റെ പേര് നൽകി ബന്ധപ്പെട്ട സ്ഥാപനത്തിന്റെ സ്റ്റോക്ക് രജിസ്റ്ററിൽ ചേർക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്. ഇത്തരം സ്വയം തൊഴിൽ സംരംഭങ്ങൾ തിരഞ്ഞെടുക്കുമ്പോൾ കൃത്യമായപ്രോജക്ട് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സംരംഭത്തിന്റെ ജയ പരാജയ സാദ്ധ്യത കൂടി പരിഗണിക്കേണ്ടതാണ്. ഓരോ സംരംഭകർക്കും സ്വന്തമായി കെട്ടിടവും മറ്റ് അടിസ്ഥാന സൗകര്യവും ഉണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്. ഈ പ്രോജക്ട് കൃത്യമായ ഇടവേളകളിൽ മോണിറ്ററിംഗ് ചെയ്യുന്നതിന് നിർവ്വഹണ ഉദ്യോഗസ്ഥനും, ബന്ധപ്പെട്ട സ്റ്റാൻറിംഗ് കമ്മറ്റിയും, വർക്കിംഗ് ഗ്രൂപ്പും ശ്രദ്ധപുലർത്തേണ്ടതാണ്. പ്രവർത്തനം വിലയിരുത്തി ഒരു റിപ്പോർട്ട് ഓഡിറ്റിന് നൽകേണ്ടതാണ്.

## 3-10 സ്റ്റോർ പർച്ചേസ് ; ആസ്തികളിൽ തിരിച്ചറിയൽ വിവരം രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

ഓഡിറ്റ് കാലയളവിൽ സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി വാഹനം വാങ്ങൽ ഒഴികെ 5 പ്രൊജക്റ്റുകളിലായി ₹ 475740/- ചെലവഴിച്ച് കമ്പ്യൂട്ടറുകൾ, വിവിധ ഫർണ്ണിച്ചർ എന്നിവ വാങ്ങിയിട്ടുണ്ട്. ബ്ലോക്ക് ഓഫീസിനും അനുബന്ധ സ്ഥാപനങ്ങൾക്കുമായിട്ടാണ്പ്രസ്തുത വാങ്ങലുകൾ നടത്തിയിട്ടുള്ളത്. ഓഡിറ്റിന്റെ ഭാഗമായി ആയതു പരിശോധച്ചതിൽ,പ്രസ്തുത ആസ്തികൾക്കൊന്നും തന്നെ ബ്ലോക്ക് പഞ്ചായത്തിന്റെ 2017-18 വർഷത്തെ പദ്ധതി പ്രവർത്തനങ്ങളുടെ ഭാഗമായി ലഭ്യമായതാണെന്നു മനസിലാക്കാൻ ഉതകുന്ന വിവരം(തിരിച്ചറിയൽ വിവരം) രേഖപ്പെടുത്തിയിട്ടില്ല. പദ്ധതി പ്രവർത്തനങ്ങളുടെ പൂർത്തീകരണത്തിനും വാങ്ങലുകളുടെ സുതാര്യത ഉറപ്പുവരുത്താനും ഇൻവോയ്സിൽ വിവരം സാക്ഷ്യപ്പെടുത്തി ആസ്തി സ്റ്റോക്കിലെടുത്ത് അവയിൽ തിരിച്ചറിയൽ വിവരങ്ങൾ രേഖപ്പെടുത്തേണ്ടതാണ്.

## 3-11 പകൽ വീട് അഭിവൃദ്ധിപെടുത്തൽ -നിലവിൽ ആവശ്യമില്ലാത്ത ഇനങ്ങൾക്ക് തുക ചെലവഴിച്ചു

പ്രോജക്റ്റ് നം. 86/17-18

നിർവ്വഹണം. അസി. എക്സി.എഞ്ചിനിയർ

എരുവെട്ടി പകൽ വീട് അഭിവൃദ്ധിപ്പെടുത്തൽ

എസ്റ്റിമേറ്റ്- ₹5,00,000 ( ജനറൽ)

ചെലവ്- ബിൽ നം. 7/17-18 തീയതി, 28-3-2018 -₹ 3,88,760

എം. ബുക്ക് നം. 38/17-18

കരാറുകാരൻ -ശ്രീ. വിനീപ്. എം

ഈ പ്രവൃത്തിയുടെ എസ്റ്റിമേറ്റിൽ പകൽ വീട് കെട്ടിടത്തിന്റെ മുറ്റം ഇൻറ്റർലോക്ക് ചെയ്യുന്നതിനും, മുറ്റത്തിനു മുകളിലായി റൂഫിംഗ് ഷീറ്റ് നൽകുന്നതിനും, മുകളിലേക്ക് ഏണിപ്പടി നൽകുന്നതിനുമാണ് പ്രൊവിഷൻ ഉൾപ്പെടുത്തിയിരുന്നത്. പ്രവൃത്തിയുടെ അളവ് പുസ്തകം ( നം. 38/17-18) പ്രകാരം എസ്റ്റിമേറ്റ് പ്രകാരമുള്ള എല്ലാ ഇനങ്ങളും ഉൾപ്പെടുത്തി പ്രവൃത്തി നിർവ്വഹിച്ചിട്ടുണ്ട്. നിലവിൽ കെട്ടിടത്തിന് ഒന്നാംനില പണിതിട്ടില്ലാത്തതിനാൽ ഏണിപ്പടിയുടെ ആവശ്യം ഇപ്പോൾ വരുന്നില്ല. മാത്രമല്ല ഏണിപ്പടിയുടെ മുകൾ ഭാഗം ഉൾപ്പെടെയുള്ള ഭാഗം പൂർണ്ണമായും റൂഫിംഗ് നടത്തിയതായി പ്രസ്തുത സ്ഥലം നേരിട്ട് പരിശോധിച്ചതിൽ നിന്നും ബോധ്യമാവുകയുണ്ടായി. ഈ പ്രൊജക്റ്റിൽ ഏണിപ്പടിക്കുമാത്രമായി ₹ 84926 രൂപ ചെലവഴിച്ചിട്ടുണ്ട്. പണിതിട്ടുള്ള ഏണിപ്പടികൊണ്ട് യാതൊരു പ്രയോജനവും ഇപ്പോഴില്ല. 2018-19 വർഷത്തിൽ ഈ കെട്ടിടത്തിന് രണ്ടാം നില പണിയുന്നതിന് പ്രോജക്റ്റ് തയ്യാറാക്കിയിട്ടുണ്ടോ എന്നത് സംബന്ധിച്ച് വിവരം ലഭ്യമാക്കാൻ ഓഡിറ്റ് അന്വേഷണകുറിപ്പ് (നം. 17 /17-18 തീയതി, 17-10-2018) നൽകിയതിന് ലഭ്യമാക്കിയ മറുപടിയിൽ (നം.ഡി 1/ 2018-19 തീയതി 17-10-2018) 2018-19 വാർഷിക പദ്ധതിയിൽ വയോജനങ്ങളുടെ

വിഭാഗത്തിലെ ഫണ്ട് മറ്റ് അത്യാവശ്യ പദ്ധതികൾക്ക് വകയിരുത്തേണ്ടി വന്നതിനാൽ പകൽ വീട് ഒന്നാം നില ഉൾപ്പെടുത്തുവാൻ സാധിച്ചിട്ടില്ല എന്നാണ് അറിയിച്ചത്. പദ്ധതികളുടെ മുൻഗണന നിശ്ചയക്കുന്നതിൽ വിശദമായ പഠനം ആവശ്യമാണ്. പ്രോജക്ടിൽ അത്യാവശ്യമല്ലാത്ത പ്രവൃത്തിയിനങ്ങൾ ഉൾപ്പെടുത്തുന്നത് നിരുത്സാഹപ്പെടുത്തേണ്ടതും അധികമായി ലഭിക്കുന്ന തുക മുൻഗണനാടിസ്ഥാനത്തിലുള്ള പ്രോജക്ടുകൾക്ക് വകയിരുത്തുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്. പകൽ വീട് കെട്ടിടത്തിന് ഒന്നാം നില നിർമ്മിച്ചില്ലെങ്കിൽ ഇപ്പോൾ നിർമ്മിച്ച ഏണിപണികൾകൊണ്ട് യാതൊരു പ്രയോജനവുമില്ല. വർഷങ്ങൾ കഴിഞ്ഞാണ് ഈ പ്രോജക്ട് നടപ്പാക്കുന്നതെങ്കിൽ അപ്പോഴേക്കും ഇപ്പോൾ നിർമ്മിച്ച ഏണിപ്പടികൾ ഉപയോഗശൂന്യമായി മാറാനുള്ള സാധ്യതയുമുണ്ട്. ആയതിനാൽ പദ്ധതികളുടെ മുൻഗണന നിലവിലുള്ള ആസ്തികളുടെ പരിപാലനത്തിന് അനുസൃതമായി നിശ്ചയിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 3-12 റോഡ് ടാറിംഗ് പ്രവൃത്തികളിൽ ഷ്രഡഡ് പ്ലാസ്റ്റിക്ക് ഉപയോഗിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്

ചീഫ് എഞ്ചിനിയറുടെ ഡി.ബി.3/4620/12 സി.ഇ, ത.സ്വ.ഭ.വ തീയതി, 18-5-2016 സർക്കുലർ നിർദ്ദേശപ്രകാരവും, സ.ഉ (സാധാ) നം.3119/2016 ത.സ്വഭ.വ തീയതി, 17-11-16 ഉത്തരവിലെ നിർദ്ദേശപ്രകാരവും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പ്ലാൻഫണ്ട്, മെയ്ൻറനൻസ് ഗ്രാന്റ് ഉപയോഗപ്പെടുത്തി നടപ്പിലാക്കുന്ന റോഡ് പ്രവൃത്തികൾക്കുള്ള ആകെ വാർഷിക പദ്ധതി അടങ്കൽ തുകയുടെ 10% മാറ്റിവെച്ച് ഷ്രഡഡ് പ്ലാസ്റ്റിക്ക് ഉപയോഗപ്പെടുത്തി റോഡുകൾ ടാർചെയ്യുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിക്കണമെന്ന് ശുപാർശ ചെയ്തിട്ടുണ്ട്. എന്നാൽ 2017-18 വർഷത്തിൽ നടപ്പാക്കിയ ടാറിംഗ് പ്രവൃത്തികളിൽ ഇത്തരത്തിൽ പ്ലാസ്റ്റിക്ക് ഉപയോഗപ്പെടുത്തുവാൻ സാധിച്ചിട്ടില്ല എന്നാണ് നിർവ്വഹണ ഉദ്യോഗസ്ഥനായ അസി. എക്സി.എഞ്ചിനിയർ ഓഡിറ്റ് അന്വേഷണകുറിപ്പിനുള്ള (നം. 5/17-18 തീയതി, 10-10-2018) മറുപടിയായി (നം. ഡി 1 / 2018-19 തീയതി, 12-10-2018) അറിയിച്ചിട്ടുള്ളത്. 2018-19 വർഷത്തിൽ റോഡ് ടാറിംഗ് പ്രവൃത്തിയിൽ ഷ്രഡഡ് പ്ലാസ്റ്റിക്ക് ഉപയോഗിക്കുന്നതിനുള്ള പദ്ധതി തയ്യാറാക്കിയതായും അറിയിച്ചിട്ടുണ്ട്.അനുദിനം വർദ്ധിച്ചുവരുന്ന പ്ലാസ്റ്റിക്ക് വേസ്റ്റിന്റെ ഫലപ്രദമായ പുനരുപയോഗം കൂടി ഈ പ്രവർത്തനത്തിലൂടെ ലക്ഷ്യമിടുന്നതിനാൽ ഭാവിയിലെ റോഡ് ടാറിംഗ് പ്രവൃത്തികളിൽ ഷ്രഡഡ് പ്ലാസ്റ്റിക്ക് ഉപയോഗപ്പെടുത്തുവാനുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കേണ്ടതാണ്.

## 3-13 പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോൾ സ്ഥലപരിശോധന യഥാവിധം നടത്തുന്നില്ല. എസ്റ്റിമേറ്റിൽ ഇലക്ട്രിക്കൽ പ്രവൃത്തിയിനങ്ങൾ ഉൾപ്പെടുത്തുന്നില്ല, മോണിറ്ററിംഗ് നടത്തുന്നില്ല.

പ്രോജക്ട് നം. 13/17-18

നിർവ്വഹണം. അസി. എഞ്ചിനിയർ

പിണറായി സി.എച്ച്.സി യിൽവനിത വിശ്രമകേന്ദ്രം കെട്ടിട നിർമ്മാണം.

എസ്റ്റിമേറ്റ് തുക-₹ 14,20,000 (വികസന ഫണ്ട്)

ചെലവ് ₹ 1,39,407 (part bill) ബിൽ നം. 7/17-18 , തീയതി, 31-3-2018

എഗ്രിമെന്റ് തീയതി, AEE/LSGD/TLY/17-18 തീയതി 30-10-2017

എം.ബുക്ക്- 28/17-18,

കരാർ. പിണറായി ഇൻഡസ്ട്രിയൽ കോപ്പറേറ്റീവ് സൊസൈറ്റി

പിണറായി സി.എച്ച്.സിയിൽ വനിതാ വിശ്രമകേന്ദ്ര നിർമ്മാണത്തിനാണ് ഈ പ്രോജക്ട് നടപ്പാക്കിയിട്ടുള്ളത്. ടെണ്ടർ ചെയ്ത ഈ പ്രവൃത്തിക്ക് കരാറെടുത്ത സ്ഥാപനം എഗ്രിമെന്റ് പ്രകാരം പൂർത്തിയാക്കേണ്ടത് 31-3-2018 തീയതിയിലായിരുന്നു. എന്നാൽ ഈ പ്രവൃത്തിയുടെ എം. ബുക്ക് 28/17-18പ്രകാരം ഭാഗികമായ പ്രവൃത്തികൾ മാത്രമേ 31-3-2018 തീയതിയിൽ പൂർത്തിയായിട്ടുള്ളൂ. പ്രവൃത്തിക്ക് കരാർ എടുത്ത സ്ഥാപനം പ്രവൃത്തി നിർവ്വഹിക്കേണ്ടുന്ന സ്ഥലത്ത് നിലവിലുണ്ടായിരുന്ന വാട്ടർ അതോറിറ്റിയുടെ വാട്ടർ ടാങ്കും അനുബന്ധ സാമഗ്രികളും, ഉണ്ടായിരുന്ന ചന്ദനമരകുറ്റിയും, ഒഴിവാക്കിതരുന്നതിന് 22-11-2017 തിയതിയിൽ ആവശ്യപ്പെട്ടതായി കാണുന്നു. ഈ വിഷയം സംബന്ധിച്ച് വിവരം ലഭ്യമാക്കുന്നതിന് 15-10-2018 തീയതിയിൽ ഓഡിറ്റ് അന്വേഷണകുറിപ്പ് നം. 13 പ്രകാരം ആവശ്യപ്പെട്ടതിൽ അസി.എക്സിക്യൂട്ടീവ് എഞ്ചിനിയർ ലഭ്യമാക്കിയ മറുപടിയിൽ ( നം. ഡി 1 / 2018-19 തീയതി, 15-10-2018) പിണറായി സി.എച്ച്.സി യിൽ വനിത വിശ്രമ കേന്ദ്രം കെട്ടിട നിർമ്മാണത്തിന് എസ്റ്റിമേറ്റ് തയ്യാറാക്കുന്ന സമയത്ത് പ്രസ്തുത സ്ഥലം മുഴവൻ കാട് മൂടിയ അവസ്ഥയിലായിരുന്നു എന്നും, പ്രസ്തുത സ്ഥലത്ത് അപകടാവസ്ഥയിലായ ഒരു വാട്ടർ ടാങ്ക് ഉണ്ടായിരുന്നതായും പ്രവൃത്തി സ്ഥലത്തുണ്ടായിരുന്ന ചന്ദന മരം വനം വകുപ്പ് കണ്ടുകെട്ടിയതിനുശേഷവും, അപകടാവസ്ഥയിലായ വാട്ടർ ടാങ്ക് പൊളിച്ചുമാറ്റിയതിനുശേഷവുംമാത്രമാണ് പ്രവൃത്തി ആരംഭിക്കാൻ സാധിച്ചിട്ടുള്ളത് എന്നും അറിയക്കുകയുണ്ടായി. ഇതിൽ നിന്നും പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോൾ പ്രവൃത്തി സ്ഥലം നിർമ്മാണത്തിന് അനുയോജ്യമാണ് എന്നത് സംബന്ധിച്ച ഭൗതിക പരിശോധന കൃത്യമായി നടത്തിയിട്ടില്ലെന്ന് വ്യക്തമാവുന്നു. പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിലെ ഈ അവധാനത കുറവ് പ്രവൃത്തി അനന്തമായി നീളുന്നതിന് ഒരു കാരണമായിട്ടുണ്ട്. പ്രോജക്ട് പ്രകാരമുള്ള പ്രവൃത്തി ഏല്പിച്ചുകഴിഞ്ഞാൽ പ്രവൃത്തിയുടെ നിർവ്വഹണം സംബന്ധിച്ച കൃത്യമായ മോണിറ്ററിംഗ് നടക്കുന്നില്ല എന്നതും ഇതിന് കാരണമായിട്ടുണ്ട്. ആയതിനാൽ പ്രോജക്ടുകൾക്ക് എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോൾ പ്രവൃത്തി സ്ഥലം നേരിട്ട് പരിശോധിച്ച് പ്രവൃത്തിയുടെ ആവശ്യകതയും പര്യാപ്തതയും (Necessity and Adequacy) വിശകലനംനടത്തി മാത്രം എസ്റ്റിമേറ്റ് തയ്യാറാക്കാൻ ശ്രദ്ധിക്കേണ്ടതാണ്. പ്രോജക്ട് മോണിറ്ററിംഗ് എന്നത് ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പിന്റെ ചുമതലയാണ് ആ ചുമതല നിർവ്വഹിക്കുന്നതിന് പ്രഥമ പരിഗണന നൽകേണ്ടതുമാണ്. ഒരു കെട്ടിട നിർമ്മാണത്തിന്റെ എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോൾ കെട്ടിടം പ്രവർത്തനസജ്ജമാക്കാൻ ആവശ്യമായ എല്ലാ പ്രവൃത്തിഇനങ്ങളും ഉൾപ്പെടുത്തേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഈ പ്രവൃത്തിയുടെ ഡീറ്റേൽഡ് എസ്റ്റിമേറ്റിൽ കെട്ടിടത്തിനാവശ്യമായ ഇലക്ട്രിക്കൽ പ്രവൃത്തി ഇനങ്ങളൊന്നും ഉൾപ്പെടുത്തിയിട്ടില്ല. മേൽ അപാകങ്ങൾ ഒഴിവാക്കുന്നതിനുള്ള നടപടികളും സ്വീകരിക്കേണ്ടതാണ്. ഭാഗികമായി പൂർത്തിയാക്കിയ പ്രസ്തുത കെട്ടിടത്തിന്റെ പ്രവൃത്തി കാലതാമസമില്ലാതെ പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-14 പ്രൊജക്ട് നിർവ്വഹണത്തിനനുവദിച്ച മുഴുവൻ തുകയും ചില പഞ്ചായത്തുകൾ ചെലവഴിച്ചില്ല

താഴെപ്പറയുന്ന പ്രൊജക്ടുകളുടെ നിർവ്വഹണത്തിലേക്കായി ബ്ലോക്ക്പഞ്ചായത്തു വിഹിതമായി നൽകിയ മുഴുവൻ തുകയുടെയും വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

1)നിർവ്വഹണ ഉദ്യോഗസ്ഥൻ :ചൈൽഡ് ഡെവലപ്മെന്റ് പ്രൊജക്ട് ഓഫീസർ (അഡീഷണൽ)

പ്രൊജക്ട് നം :23/17-18

പ്രൊജക്ടിന്റെ പേര് :ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്,വാർഷിക ബത്ത എന്നിവ നൽകൽ

അടങ്കൽ : ₹ 12,16,875-വികസനഫണ്ട് (പൊതു)

ചെലവ് തുക :₹ 12,16,875-വികസനഫണ്ട് (പൊതു)

ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്,വാർഷിക ബത്ത നൽകൽ എന്ന പ്രൊജക്ടിന്റെ ഭാഗമായി പിണറായി ഗ്രാമപഞ്ചായത്തിന്(സെക്രട്ടറിയുടെ അപേക്ഷ നം: A1-7187/14 തി: 31.08.17) 27.09.17 തിയ്യതിയിലെ ബിൽ നം.1/17-18 പ്രകാരം ബ്ലോക്ക് വിഹിതമായി ₹3,75,000 അനുവദിച്ചിട്ടുണ്ട്. എന്നാൽ പിണറായി ഗ്രാമപഞ്ചായത്തു സെക്രട്ടറി നൽകിയ 24.05.18 തിയതിയിലെ Act/2661/17 നം. വിനിയോഗ സാക്ഷ്യപത്രപ്രകാരം ₹ 2,86,150 മാത്രമാണ് പദ്ധതിക്കായി വിനിയോഗിച്ചിരിക്കുന്നത്. പദ്ധതിക്കായി വിനിയോഗിക്കാതെ അവശേഷിക്കുന്ന ₹ 88,850 ഗ്രാമപഞ്ചായത്തു സെക്രട്ടറിയുടെ അക്കൗണ്ടിലുണ്ടെന്നും ബ്ലോക്ക് പഞ്ചായത്തിൽ നിന്നും കത്തു മുഖേന ആവശ്യപ്പെടുന്ന മുറക്ക് അത് ബ്ലോക്ക് പഞ്ചായത്തു അക്കൗണ്ടിലേക്ക് തിരിച്ചു അടയ്ക്കുന്നതാണെന്ന് നിർവ്വഹണ ഉദ്യോഗസ്ഥ അറിയിച്ചിട്ടുണ്ട്. തുക തിരികെ ഈടാക്കുന്നതിനുള്ള നടപടകൾ സ്വീകരിക്കേണ്ടതാണ്.

2)നിർവ്വഹണ ഉദ്യോഗസ്ഥൻ :ചൈൽഡ് ഡെവലപ്മെന്റ് പ്രൊജക്ട് ഓഫീസർ

പ്രൊജക്ട് നം :27/17-18

പ്രൊജക്ടിന്റെ പേര് : ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പ്

അടങ്കൽ : ₹ 6,04,450-വികസനഫണ്ട് (പൊതു)

ചെലവ് തുക :₹ 6,04,450-വികസനഫണ്ട് (പൊതു)

ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പ് എന്ന പ്രൊജക്ടിന്റെ ഭാഗമായി ധർമ്മടം ഗ്രാമപഞ്ചായത്തിന് 26.10.17 തിയ്യതിയിലെ ബിൽ നം.1/17-18 പ്രകാരം ബ്ലോക്ക് വിഹിതമായി ₹3,67,350 അനുവദിച്ചിട്ടുണ്ട്. എന്നാൽ ധർമ്മടം ഗ്രാമപഞ്ചായത്തു സെക്രട്ടറി നൽകിയ വിനിയോഗ സാക്ഷ്യപത്രപ്രകാരം ₹ 3,64,420 മാത്രമാണ് പദ്ധതിക്കായി വിനിയോഗിച്ചിരിക്കുന്നത്. പദ്ധതിക്കായി വിനിയോഗിക്കാതെ അവശേഷിക്കുന്ന ₹ 2930 തിരികെ ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|
| അഞ്ചരക്കണ്ടി ഗ്രാപഞ്ചായത്ത് | 20,000 | പി.എം.എ.വൈ ഭവന നിർമ്മാണം (ജനറൽ) | 20,000 | 0 |
| ജില്ലാപഞ്ചായത്ത് | 98000 | പി.എം.എ.വൈ ഭവന നിർമ്മാണം (ജനറൽ ) | 28,000 | 70,000 |
| വേങ്ങാട് ഗ്രാമപഞ്ചായത്ത് | 20,000 | പി.എം.എ.വൈ ഭവന നിർമ്മാണം (എസ്.സി.പി 2017-18) | 20,000 | 0 |
| ബ്ലോക്ക് പരിധിയിലെ ഗ്രാമപഞ്ചായത്തുകൾ | 1,40,000 | പി.എം.എ.വൈ ഭവന നിർമ്മാണം (ജനറൽ 2016-17) | 1,40,000 | 0 |
| ജില്ലാ പഞ്ചായത്ത് | 1.96,000 | പി.എം.എ.വൈ ഭവന നിർമ്മാണം (ജനറൽ 2016-17) | 1,96,000 | 0 |

2017-18 ലെ വാർഷിക ധനകാര്യപത്രികയിലെ ബി-4 സ്റ്റേറ്റ്മെന്റ് പ്രകാരം 31.03.18 ലെ ₹63,76,403 വിവിധ പ്രൊജക്ടുകൾക്ക് ലഭ്യമായ തുകയിൽ നീക്കിയിരിപ്പുള്ളതായി കാണിച്ചിട്ടുണ്ട്. പ്രസ്തുത തുകയുടെ ഇനം തിരിച്ചുള്ള കണക്കുകൾ മനസ്സിലാക്കാനുതകുന്ന രേഖകളോ രജിസ്റ്ററുകളോ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല. യഥാർത്ഥ നീക്കിയിരിപ്പ് കണക്കാക്കി ലഭിച്ച ഉദ്ദേശ്യത്തിന് വിനിയോഗിക്കുകയോ അല്ലാത്തപക്ഷം തിരിച്ചൊടുക്കുകയോ ചെയ്യേണ്ടതാണ്.

## 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-4 വായ്പ / വായ്പാതിരിച്ചടവ്

ഇല്ല

## 4-5 സ്ഥിര നിക്ഷേപം

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1998-99 | 40 | 1999-2000 | IV-72(എ) | കൃഷി അസി.ഡയറക്ടർ കുറ്റികുരുമുളക് ചെടി | പരാമർശം നിലനിൽക്കുന്നു |

| | | | | | |
|---|---|---|---|---|---|
| | | | | ലഭ്യമാക്കാത്തത് സംബന്ധിച്ച് | |
| 1998-99 | 33 | 1999-2000 | IV-72(ബി) | ഊർജ്ജമേഖല | പരാമർശം നിലനിൽക്കുന്നു |

## 4-8 ചാർജ്/സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 32,597,729 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 34,975,561 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 4,08,850 |

(ബി).ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-2 | 3,00,000 | ഡോ.ഷൈന.വി.പി,മെഡിക്കൽ ഓഫീസർ, സി.എച്ച്.സി, പിണറായി |
| 3-4 | 88200 | ഡോ.ഷൈന.വി.പി,മെഡിക്കൽ ഓഫീസർ, സി.എച്ച്.സി, പിണറായി |

| | | |
|---|---|---|
| | | |
| 3-7 | 20,650 | ശ്രീ.ജസീർ പി.വി.,സെക്രട്ടറി,ബ്ലോക്ക് പഞ്ചായത്ത് |
| ആകെ | 4,08,850 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

3-9

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ഡോ. ഷൈന. വി.പി, | മെഡിക്കൽ ഓഫീസർ<br>സി.എച്ച്.സി, പിണറായി | 'സ്വാതി'<br>നിയർ സിവിൽ കോടതി<br>തലശ്ശേരി |
| ശ്രീ. ജസീർ.പി.വി | സെക്രട്ടറി<br>ബ്ലോക്ക് പഞ്ചായത്ത്<br>തലശ്ശേരി | പി.വി ഹൗസ്<br>പി.ഒ.ചാല (ഈസ്റ്റ്)<br>കണ്ണൂർ |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1998-99 | കെ.എസ്.എ/കെ.എൻ.ആർ/സി-7/85/18 തി:27.03.18 | 2 |
| 2005-06 | കെ.എസ്.എ/കെ.എൻ.ആർ/സി-7/85/18 തി:27.03.18 | 2 |
| 2007-08 | കെ.എസ്.എ/കെ.എൻ.ആർ/സി-7/85/18 | 2 |

| | | |
|---|---|---|
| | തി:27.03.18 | |
| 2008-09 | കെ.എസ്.എ/കെ.എൻ.ആർ/സി-7/85/18 തി:27.03.18 | 3 |
| 2009-10<br>2010-11 | കെ.എസ്.എ/കെ.എൻ.ആർ/സി-7/85/18 തി:27.03.18 | 4 |
| 2011-12<br>2012-13 | കെ.എസ്.എ/കെ.എൻ.ആർ/സി-7/85/18 തി:27.03.18 | 5 |
| 2013-14<br>2014-15 | കെ.എസ്.എ/കെ.എൻ.ആർ/സി-7/85/18 തി:27.03.18 | 8 |
| 2015-16 | കെ.എസ്.എ.കെ.എൻ.ആർ.സി.7 /386/2017 തീയതി, 22-03-2017 | 8 |
| 2016-17 | കെ.എസ്.എ.കെ.എൻ.ആർ.ഡി7 /1840/2017 തീയതി, 22.11.2017 | 12 |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

## അനുബന്ധം-1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം:കെ.എസ്.എ/കെ.എൻ.ആർ/സി.7/1914/2018

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ,
ഫോൺ: 0497 2707698
ഇ-മെയിൽ: doknr.ksad@kerala.gov.in

തീയ്യതി: 11.12.2018

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്.4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(6), 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത് / നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും, 22.05.2018 ലെ (സാധാ)1413/2018/ത.സ്വ.ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും തലശ്ശേരി ബ്ലോക്ക് പഞ്ചായത്തിന്റെ 2017-18 സാമ്പത്തികവർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ അഭിപ്രായത്തിൽ ഈ റിപ്പോർട്ടിൽ പരാമർശിച്ച അപാകതകൾ ഒഴികെ ഓഡിറ്റിന് ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ സ്ഥാപനത്തിന്റെ 2017-18-ലെ വാർഷിക ധനകാര്യ പത്രിക കൃത്യവും പൂർണ്ണവുമായ വിവരം നൽകുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ല ഓഡിറ്റ് കാര്യാലയം, കണ്ണൂർ

## അനുബന്ധം-2-1

# Receipt And Payment Statement of Thalassery Block Panchayat For the period from 01-April 2017 to 31 March 2018

| Code | Head Account | Schedule | Amount(Rs.) |
|---|---|---|---|
| | Opening Balance | | |
| | Bank | RP-40(a) | 15772519 |
| | Cash | RP-40(a) | 0 |
| Operating | | | |

| | | | |
|---|---|---|---|
| | Receipts | | |
| 140000000 | Fees and User Charges | RP- 4 | 49172 |
| 150000000 | Sales and Hire Charges | RP-5 | 18194 |
| 160000000 | Revenue Grants,Funds, Contributions & Compensations | RP- 7 | 30554499 |
| 171000000 | Interrest Earned | RP- 9 | 39937 |
| 320000000 | Grants,Funds&Contributions for Specific Purpose | RP- 31 | 1540998 |
| 350000000 | Other Liabilities | RP- 36 | 210928 |
| Non Operating | | | |
| 350000000 | Other Liabilities | RP-36 | 73051 |
| 431000000 | Sundry Debtors (Receivables) | RP-43 | 110950 |
| Grand Total | | | 48,370,248 |
| | Payments | | |
| Operating | | | |
| 210000000 | EstablishmentExpenses | RP-11 | 1971192 |
| 220000000 | Administrative Expenses | RP-12 | 593027 |
| 230000000 | Operatations & Maintanance | RP-13 | 366999 |
| 250000000 | Decentralised plan programme – Productive Sector | RP-15 | 5571500 |
| 251000000 | Decentralised plan programme – Service Sector | RP-16 | 9870310 |
| 252000000 | Decentralised plan programme – Infrastructure Sector | RP-17 | 8059104 |
| 253000000 | Decentralised plan programme – projects not included in service sector | RP-18 | 37945 |
| 254000000 | Expenditure of Transferred Institutions and State Sponsored Scheme | RP-19 | 16340 |

| | | | |
|---|---|---|---|
| 255000000 | Maintanance Projects | RP-20 | 3721024 |
| 256000000 | Other Revenue Grants and Funds- Revenue Expenses | RP-21 | 15000 |
| 260000000 | Grants, Contribution and Compensations from Own Fund | RP-22 | 13100 |
| 280000000 | Prior Period Item | RP-26 | 216000 |
| 320000000 | Grants, Funds&Contibutions forSpecific Purposes | Rp-31 | 412100 |
| 350000000 | Other Liabilities | Rp-36 | 10000 |
| Non operating | | | |
| 240000000 | Interest and Finance Charges | RP-14 | 101 |
| 340000000 | Deposit Received | RP-34 | 1350 |
| 350000000 | Other Liability | RP-36 | 458278 |
| 410000000 | Fixed Assets | RP-38 | 3142.19 |
| 412000000 | Capital Work in progress | RP-40 | 500000 |
| | Closing Balance | | |
| | Bank | RP-40(b) | 13394687 |
| | Cash | RP-40(b) | 0.00 |
| Grand Total | | | 48,370,248 |

## അനുബന്ധം-2-2

# Income and Expenditure of Thalassery Block Panchayat For the period from 01-April 2017 to 31 March 2018

| Code | Head of Account | Schedule | Amount(Rs.) |
|---|---|---|---|
| | Income | | |
| 130000000 | Rental Income From Panchayath Properties | I-3 | 133200 |

| | | | |
|---|---|---|---|
| 140000000 | Fees& User Charges | 1-4(b) | 49172 |
| 150000000 | Sales& Hire Charges | I-5(b) | 18194 |
| 160000000 | Revenue Grants, Funds, Contributions & Compensations | I-6 | 38.112.443 |
| 171000000 | Interest Earned | I-8 | 33972 |
| A | Total Income | | 38346981 |
| Expenditure | | | |
| 210000000 | EstablishmentExpenses | I-10(b) | 1971192 |
| 220000000 | Administrative Expenses | I-11(b) | 593027 |
| 230000000 | Operations & Maintanance | I-12(b) | 366999 |
| 240000000 | Interest & Finance Charges | I-13 | 101 |
| 250000000 | Decentralised Plan programme – Productive Sector | I-14 | 6561044 |
| 2510000000 | Decentralised Plan programme – Service Sector | I-14(a) | 10253310 |
| 2520000000 | Decentralised Plan programme – Infrastructure Sector | I-14(b) | 6686560 |
| 253000000 | Decentralised Plan programme – Projects not included in Sector Division | I-14(c) | 37945 |
| 254000000 | Expenditures of Transferred Institutions & State Sponsored Schemes(not included under Decentralised Plan Programme) | I-14(d) | 16340 |
| 255000000 | Maintenance Projects | I-14(e) | 3721024 |

| | | | |
|---|---|---|---|
| 256000000 | Other Revenue Grants and Funds-Revenue Expenses | I-15(a) | 15,000 |
| 260000000 | Grants, Contributions and Compensations from Own Fund | 1-15 | 13100 |
| 27200000 | Depreciations | 1-17(a) | 1730464 |
| B | Total - Expenditure | | 31966106 |
| C=A-B | Gross Surplus/ Deficit of Income over Expenditure | | 6380875 |
| D=280000000 | Prior period Item | I-18 | -17519684 |
| E=C-D<br>290000000 | Gross Surplus/Deficit of Income over Expenditure after prior period items<br>Transfer to reserve funds | | 23900559 |
| | Net balance being surplus/Deficit carried over to balance sheet(Panchayat Fund) | | |

## അനുബന്ധം-2-3

# Balance Sheet of Thalassery Block Panchayat As on 31 March 2018

| Code No | Description of Items | Schedule No | Amount |
|---|---|---|---|
| | Liabilities | | |
| | Reserve & surplus | | |
| 310000000 | Panchayat Funds | B-1 | 16556412 |

| | | | |
|---|---|---|---|
| 312000000 | Reserves | B-3 | 11915252 |
| | Total Reserve & surplus<br>Grants,Contributions for specific purposes | | 28471664 |
| 320000000 | Grants,Funds&Contributions for SpecificPurposes | B-4 | 6376403 |
| | Total Grants,Contribution for specific purposes<br>Current Liabilities and Provisions | | 6376403 |
| 340000000 | Deposit Received | B-7 | 213581 |
| 350000000 | Other Liabilities | B-9 | 365701 |
| | Total Current Liabilities and Provisions | | 579282 |
| | TOTAL LIABILIITIES | | 35427349 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 24094963 |
| 411000000 | Accumulated Depreciation | B-11 | -2966175 |
| 412000000 | Capital Work In Progress | B-11(a) | 881624 |
| | Total Fixed Assets | | 22010412 |
| | Current Assets,Loans and Advances | | |
| 431000000 | Sundry Debtors (Receivables) | B-15 | 22250 |
| 450000000 | Cash and Bank balance | B-17 | 13394687 |

| | | | |
|---|---|---|---|
| 460000000 | Loans,Advances and Deposits | B-18 | 0 |
| | Total Current Assets,Loans and Advances | | 13416937 |
| | Total Assets | | 35427349 |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.